# 6

# പ്രശ്നങ്ങളെ സൂചിപ്പിക്കലും മുൻഗണനകളും

## (1 തിമൊഥെയൊസ് 6:3- 21)

*"അലംഭാവത്തോടുകൂടിയ ദൈവഭക്തി, വലുതായ ആദായം ആകുന്നുതാനും" (1 തിമൊഥെയൊസ് 6:6).*

പൗലൊസ് തിമൊഥെയൊസിനുള്ള ആദ്യലേഖനം അവസാനിപ്പിക്കുമ്പോൾ, അവന് ആളുകളുടെ സമിശ്ര - മായ ഉപദേശങ്ങളെ കുറിച്ചും, ഭൗതിക സമ്പത്തിനെ കുറിച്ചുള്ള കാഴ്ച്ചപ്പാടിനെ കുറിച്ചും, മുൻഗണനകളെ കുറിച്ചും വിചാരമുണ്ടായിരുന്നു. ദുരുപദേഷ്ടാക്കളെ കുറിച്ചു അവൻ തിമൊഥെയൊസിനെ മുന്നറിയിക്കുന്നുണ്ട് (6:3-5) ഭൗതിക സമ്പത്തിനേക്കാൾ വില ദൈവഭക്തിക്കാണെന്നും അവൻ തിമൊഥെയൊസിനെ ഓർമ്മിപ്പിച്ചു (6:6-11). അവൻ തിമൊഥെയൊസിനു ആവശ്യമായ ഉപദേശം കൊടുക്കുകയും (6:11-16) ധനവാന്മാർക്കു വേണ്ട ഉപദേശവും കൊടുത്തു (6:17-19) വിശ്വാസത്തിലുള്ള പ്രിയപുത്രനു ഒരു യാചനയും അറിയിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു (6:20, 21).

### പാഠം 18: ദുരുപദേഷ്ടാവിനെ വർണ്ണിച്ചിരിക്കുന്നു (6:3-5)

6:3-5-ൽ പൗലൊസ് ദുരുപദേഷ്ടാവിനെ കുറിച്ചു തിമൊഥെയൊസിനോടു വിവരിക്കുന്നു. അവൻ "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പത്ഥ്യ[1] വചനവും, ഭക്തിക്കൊത്ത[2] ഉപദേശവും, അനുസരിക്കാതെ, അന്യഥാ ഉപദേശിക്കുന്നവൻ ആണ്" (6:3).

#### അവന്റെ ലക്ഷണങ്ങൾ (വാ. 4)

ശക്തനായ ഒരു കുഴപ്പക്കാരനു മൂന്നു ലക്ഷണങ്ങളാണ് ഉള്ളത്: "അവൻ ദുരഭിമാനി ആണ്."[3] ആ മനുഷ്യന്റെ പ്രവൃത്തികൾ ധിക്കാരപരവും, വിഡ്ഢിത്തവും, വങ്കത്തവും ആയാൽ അതിൽ നമുക്ക് അതി

ശയിക്കുവാനില്ല. അവൻ ദുരഭിമാനി ആകയാൽ കുരുടനത്രേ! ഇതിനു നല്ലൊരു ഉദാഹരണം പ്രവൃത്തികൾ 12:21–23–ൽ കാണാം:

> നിശ്ചയിച്ച ദിവസത്തിൽ, ഹെരോദാവു രാജവസ്ത്രം ധരിച്ചു, ഭദ്രാസനത്തിൽ ഇരുന്നു അവരോടു പ്രസംഗം കഴിച്ചു. "ഇതു മനുഷ്യന്റെ ശബ്ദമല്ല ഒരു ദേവന്റെ ശബ്ദം അത്രേ!" എന്നു, ജനം ആർത്തു. അവൻ ദൈവത്തിനു മഹത്വം കൊടുക്കായ്കയാൽ കർത്താവിന്റെ ദൂതൻ ഉടനെ അവനെ അടിച്ചു, അവൻ കൃമിക്കു ഇരയായി പ്രാണനെ വിട്ടു.

അവൻ "ഒന്നും മനസ്സിലാക്കുന്നില്ല." പൗലൊസ് ഇവിടെ ഉപയോഗിച്ച "മനസ്സിലാക്കുന്നില്ല," അല്ലെങ്കിൽ "അറിയുന്നില്ല," എന്നതിനുള്ള വാക്കുകൾ "ഒന്നും" എന്നതിനൊപ്പം ചേർത്തിരിക്കുകയാണ്. സത്യത്തിനു കീഴ്പ്പെടാത്ത വഞ്ചിക്കപ്പെട്ട ആത്മാവിനെ പറ്റി എത്ര ഭംഗിയായി വരച്ചു കാണിച്ചിരിക്കുന്നു! ആ വ്യക്തി തന്റെ മുൻപിലെ പ്രശ്നങ്ങളെ കുറിച്ചു ചിന്തിക്കുകയോ വിവേചനാപൂർവ്വം കാര്യങ്ങൾ മനസ്സിലാക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്നില്ല. തന്റെ വികലമായ ചിന്തക്കു പുറമെ, അവൻ പലപ്പോഴും അഭിനിവേശമുള്ളവനും, പരുക്കനും, ദയയില്ലാത്തവനുമാകുന്നു – അവൻ സത്യത്തിന്റേയും ജ്ഞാനത്തിന്റേയും ഉറവിടമാണെന്നു നടിക്കുന്നു. അത്തരം ആളുകളെ 1 തിമൊഥെയൊസ് 1:7–ൽ വിവരിക്കുന്നതു "അവർ ധർമ്മോപദേഷ്ടാക്കന്മാരായിരിപ്പാൻ ആഗ്രഹിക്കുന്നു, തങ്ങൾ പറയുന്നതു ഇന്നതു സ്ഥാപിക്കുന്നതു ഇന്നതു എന്നും ഗ്രഹിക്കുന്നില്ല" എന്നാണ്. അത്തരം വ്യക്തികളെ കുറിച്ചു പൗലൊസ് പറയുന്നു, "സഹോദരന്മാരേ, അവർ രക്ഷിക്കപ്പെടേണം എന്നു തന്നേ എന്റെ ഹൃദയ വാഞ്ഛയും അവർക്കുവേണ്ടി ദൈവത്തോടുള്ള യാചനയും ആകുന്നു. അവർ പരിജ്ഞാനപ്രകാരമല്ലെങ്കിലും, ദൈവത്തെ കുറിച്ചു എരിവുള്ളവർ എന്നു ഞാൻ അവർക്കു സാക്ഷ്യം പറയുന്നു" (റോമർ 10:1, 2).

അയാൾക്ക് "വാക്കുകളെ കുറിച്ചുള്ള വിവാദ ചോദ്യങ്ങളിലും തർക്കങ്ങളിലും വികാര പ്രവണതയുണ്ട്." ഒരാൾ വിവാദങ്ങൾ വർദ്ധിപ്പിച്ചേക്കാനുള്ള കാരണം അയാൾക്ക് "വികാര പ്രവണത"[4] ഉള്ളതുകൊണ്ടാണ്. അവന്റെ രോഗബാധിത മനസ്സു "ചോദ്യങ്ങൾക്കും പോരാട്ടങ്ങൾക്കും" വെമ്പൽ കൊണ്ടിരിക്കും (കെജെവി). അവന്റെ ശ്രമം "വാക്കുകളുടെ തർക്കത്തിൽ"[5] പാഴാക്കുന്നു എന്നതു ദുഃഖകരമാണ്. ഒരു സത്യാ – ന്വേഷി എത്തേണ്ടതായ ഒരിടത്തും അത്തരം ചർച്ച എത്തുകയില്ല. തന്റെ സാന്നിദ്ധ്യം ഏതൊരു സംഭാഷണത്തിലും ശ്രദ്ധിക്കപ്പെടേണ്ടതായി അവകാശപ്പെട്ട്, ദുരുപദേഷ്ടാവ് ഒരു പ്രശ്നം കുത്തിപ്പൊക്കുകയോ ഒരു പഠനത്തിൽ കലക്കമുണ്ടാക്കുകയോ ചെയ്യും.

അത്തരം വിവാദങ്ങളിൽ ഏർപ്പെടുന്നതിനെതിരെ ക്രിസ്ത്യാനികളെ മുന്നറിയിക്കുവാൻ പൗലൊസ് തിമൊഥെയൊസിനോടു കല്പിച്ചിരിക്കുന്നു: "കേൾക്കുന്നവരെ മറിച്ചു കളയുന്നതിനല്ലാതെ, ഒന്നിനും കൊള്ളാത്ത വാഗ്വാദം, ചെയ്യാതിരിക്കേണമെന്നു കർത്താവിനെ സാക്ഷി

യാക്കി, അവരെ ഓർമ്മപ്പെടുത്തുക" (2 തിമൊഥെയൊസ് 2:14). അത്തരം സ്വഭാവത്തിൽ തുടരുന്നവരെ എങ്ങനെ കൈകാര്യം ചെയ്യണമെന്നു പൗലൊസ് തീത്തൊസിനും നിർദ്ദേശം നല്കുന്നുണ്ട്: "മൗഢ്യതർക്കവും വംശാവലികളും കലഹവും ന്യായപ്രമാണത്തെ കുറിച്ചുള്ള വാദവും ഒഴിഞ്ഞു നില്ക്ക; ഇവ നിഷ്പ്രയോജനവും വ്യർത്ഥവുമല്ലോ. സഭയിൽ ഭിന്നത വരുത്തുന്ന മനുഷ്യനോടു ഒന്നു രണ്ടുവട്ടം ബുദ്ധി പറഞ്ഞശേഷം അവനെ ഒഴിക്ക" (തീത്തൊസ് 3:9, 10).

### അവന്റെ ഫലം (വാ. 4, 5)

ദുരുപദേഷ്ടാവിന്റെ ജീവിത ശൈലിയിൽ നിന്നുണ്ടാകുന്ന ഫലം *എല്ലാം മോശമായിരിക്കും*!

1. ദുരുപദേഷ്ടാവ് "അസൂയ" ക്കിരയാകുന്നു. അവനു "മറ്റൊരാൾ നന്നാകുന്നതിൽ അല്ലെങ്കിൽ അയാളുടെ ഉയർച്ചയിൽ സഹിക്കാൻ പറ്റു ന്നില്ല."[6] കുഴപ്പക്കാരനു പൗലൊസ് 1 കൊരിന്ത്യർ 12:26–ൽ പറഞ്ഞ തത്വ മനുസരിച്ചു പ്രവർത്തിക്കുവാൻ കഴിയുന്നില്ല, അവിടെ പറയുന്നതു "ഒര വയവത്തിനു മാനം ലഭിച്ചാൽ, അവയവങ്ങൾ ഒക്കെയും സന്തോഷി ക്കുന്നു" എന്നാണ്.

2. അവൻ "പോരാട്ടം"[7] തൊടുത്തു വിടും. ദുരുപദേഷ്ടാവിനു ചുറ്റും മറ്റുള്ളവർക്കു കാണുവാൻ കഴിയുന്നതു പിരിമുറുക്കമുള്ള അന്തരീക്ഷ മായിരിക്കും, അവൻ തന്റെ വഴി മനസ്സിലാക്കിയില്ലെങ്കിൽ എതിർപ്പു വർദ്ധിക്കുവാനുമിടയാകും.

3. അവൻ "മോശമായ ഭാഷ"[8] ഉപയോഗിക്കും. അവൻ മറ്റുള്ളവരെ കുറിച്ചു മോശമായി സംസാരിക്കും അല്ലെങ്കിൽ അവൻ നിമിത്തം അ – ക്രൈസ്തവർ ദൈവത്തെയും സഭയെയും കുറിച്ചു മോശമായി സംസാ രിക്കും.

പൗലൊസിന്റെ ലിസ്റ്റിലെ വളർന്നു വരുന്ന പ്രവണത ശ്രദ്ധിക്കുക. ആദ്യം, ഒരാൾ മറ്റൊരാളുടെ വിജയത്തിൽ അസൂയപ്പെടുന്നു. അതു പോരാട്ടം അല്ലെങ്കിൽ വാക്കു തർക്കമായി തീരുന്നു. തർക്ക നിലയിൽ നിന്നു, അതു പരദൂഷണത്തിലേക്കു നീങ്ങുന്നു (അല്ലെങ്കിൽ മോശമായ ഭാഷ) അതു മറ്റൊരാളുടെ സ്വഭാവത്തെ കുറിച്ചായിരിക്കും. അതു ദുരു പദേഷ്ടാവിനെ ദോഷം സങ്കല്പിക്കുന്നതിലേക്കു നയിക്കും (ദുഷ്ട സങ്ക ല്പങ്ങൾ – പൗലൊസിന്റെ അടുത്ത വിഷയം അതാണ്). കുഴപ്പം ഉണ്ടാ ക്കുന്ന വ്യക്തിയിൽ ഓരോ നിമിഷവും പുറപ്പെടുന്നതു നിഷേധ പ്രതി കരണമായിരിക്കും!

4. അവൻ "ദോഷം സങ്കല്പിക്കുന്ന"[9] നിലയിലെത്തുന്നു. ഈ മനു ഷ്യൻ ദുഷ്ടത നിരൂപിക്കുകയാണ്. അലെക്സാണ്ടർ പോപ് പറഞ്ഞതു പോലെ, "മഞ്ഞപ്പിത്തം ബാധിച്ചവന്റെ കണ്ണിനു എല്ലാം മഞ്ഞയായി തോന്നും." ഹെൻഡ്രിക്സൺ എഴുതി, "അസൂയയുള്ള മനുഷ്യന്റെ മനസ്സ് അനിഷ്ട സൂചനയിലേക്കും അവിശ്വാസത്തിലേക്കും തിരിയും. തന്റെ എതിരാളിയുടെ എല്ലാ പ്രവൃത്തികളും അവൻ സംശയിക്കുവാൻ തുട ങ്ങും, ... താൻ ശത്രുവെന്നു വിചാരിക്കുന്ന ആളുടെ ഓരോ പ്രവൃ ത്തിയുടെയും പിന്നിൽ 'ഗൂഢലക്ഷ്യം' ഉണ്ടെന്നു കണ്ടെത്തും."[10]

5. ക്രമേണ അവൻ "നിരന്തരമായ ഏറ്റുമുട്ടലിൽ" ഏർപ്പെടും. കുഴ പ്പക്കാരൻ ദീർഘകാലം വെറുപ്പിക്കുന്ന അവസ്ഥയിലാകും. അത്തരം വ്യക്തിയെ ഹെൻഡ്രിക്സൺ ഈ വിധത്തിൽ പറഞ്ഞു:

> അവൻ പ്രതികാരത്തോടെ വല വീശി, ആക്രമിച്ചു ഇളക്കി മറിച്ചു, "രക്തത്തിനു" വേണ്ടി ദാഹിച്ചുകൊണ്ടിരിക്കും. രണ്ടുപേർ "തെറ്റായ രീതിയിൽ അന്യോന്യം *തേച്ചു* മായ്ക്കും" (ഒറിജിനലിലെ മൂല - ആശയം നോക്കുക). അവരുടെ "മതപരമായ" ചർച്ചകൾ ഇടയ്ക്കി ടക്ക് *വാക്ശര*രൂപത്തിൽ ആണെന്നു തോന്നും, ആ പദത്തിന്റെ അനുകൂലമല്ലാത്ത അർത്ഥത്തിൽ ... അത്തരം തർക്കങ്ങൾ നിന്ദ്യ മായ ശകാരങ്ങളും, കുത്തുവാക്കുകളും, ചൂടുപിടിച്ച പരിഹാസ ങ്ങൾ, അല്ലെങ്കിൽ ഗൂഢമായ ദുസൂചനകൾ, വിദ്വേഷത്താലുള്ള വ്യാജപ്രശംസകളും, പുഛത്തിന്റെ ആവരണവും നിറഞ്ഞതായി രിക്കും.[11]

അഞ്ചാമത്തെ ഭാഗമായി ദൈവത്തിന്റെ പ്രതികാരം ഈ രോഗ ബാധി തനായ ആത്മാവിൽ താൻ വിതെച്ചതു കൊയ്യുമാറാക്കും (നോക്കുക ഗലാത്യർ 6:7, 8; റോമർ 12:17–19). ആ മനുഷ്യൻ, ഇപ്പോൾ നിരന്തരമായ ഏറ്റുമുട്ടലിൽ ആയിരിക്കുന്നു, ഇപ്പോൾ അവൻ ആഗ്രഹിച്ചതിലും അധി കമായി ദൈവം അവനിലേക്കു വിവാദം അയക്കുന്നതു കൊണ്ട് അവ നത് ഇഷ്ടപ്പെടുന്നു!

അസംഖ്യം കാരണങ്ങൾ കൊണ്ട് ആ മനുഷ്യൻ "തന്റെ മനസ്സു ദുഷിപ്പിച്ചിരിക്കയാണ്."[12] ആ സ്വാധീനമെല്ലാം, ദൈവത്തിന്റെ പത്ഥ്യ വച നത്തിനു എതിരാണ് (നോക്കുക മത്തായി 4:4; 23:1–3, 15; 24:24–26).

ഈ ആളുകൾ വാസ്തവത്തിൽ "സത്യത്തെ നശിപ്പിച്ചവരാണ്."[13] സത്യത്തിൽ നിന്നു ആളുകൾ തങ്ങളെ മാറ്റി നിർത്തിയതിനെ 1 തിമൊ ഥെയൊസ് 1:19 ഉം തിത്തൊസ് 1:14 ഉം വർണ്ണിക്കുന്നതായി വിൻസെന്റ് നിരീക്ഷിച്ചപ്പോൾ, "ഇവിടെ സത്യം അവരിൽ നിന്നു എടുത്തു കളഞ്ഞ തായിട്ടാണ് പറയുന്നത്."[14] യിരെമ്യാവു 7:28 പറയുന്നു, "... സത്യം അവ രുടെ വായിൽ നിന്നു മാറി പോകയും സത്യം അവരിൽ ഇല്ലാതാകു കയും ചെയ്തു."

ദുരുപദേഷ്ടാക്കന്മാർ ഉപദേശം സമ്മിശ്രമാക്കിയതിനാൽ നിത്യജീ വന്റെ വചനങ്ങൾ അവരിൽ നിന്നും എടുത്തുകളഞ്ഞു (2 തെസലൊനി ക്യർ 2:10–12), സഹോദരങ്ങൾക്കിടയിൽ മോശമായതു ചെയ്യുന്നതിൽ അവർ തിരക്കുള്ളവരാണ്, അവർ വിചാരിക്കുന്നതു "അലംഭാവത്തോടു കൂടിയ ദൈവഭക്തി ആദായസൂത്രം" ആണെന്നാണ്. അതു അവരുടെ പ്രവൃത്തികളുടെ ഫലം ഇരട്ടി ദോഷമുള്ളതാക്കി തീർക്കുന്നു, അവരുടെ സ്വന്തം ആത്മാവിനെ*യും* അവർ സ്വാധീനിക്കുന്ന സഹോദരങ്ങളുടെ ആത്മാക്കളെ*യും* അവർ അപകടത്തിലാക്കുന്നു!

ഈ ആളുകൾ ദൈവഭക്തിയെ ആദായസൂത്രമായി കാണുന്നത് എത്ര ഖേദകരമാണ്, അവരുടെ മനോഭാവത്താൽ അവർക്ക് പൂർണ്ണ നഷ്ടത്തെ അനുഭവിക്കേണ്ടിവരുന്നു (നോക്കുക മത്തായി 26:24; യോഹന്നാൻ 12:6)![15]

## പാഠം 19: ദൈവഭക്തിയുടേയും ധനത്തിന്റേയും ബന്ധം (6:6-11)

### വേതനം തരുന്ന മുൻഗണന (വാ. 6-8)

കുഴപ്പക്കാരനിൽ നിന്നു, പൗലൊസ് പ്രതിഫലം തരുന്ന ക്രിയാത്മക മുൻഗണനയിലേക്ക് കടക്കുകയാണ്. അവന്റെ ഉപദേശം പ്രത്യേകിച്ചു നമ്മുടെ കാലത്തു പ്രായോഗികമാണ്. മറ്റു തലമുറകളിലേതിനേക്കാൾ നമ്മുടെ തലമുറയിലാണ് ഏറ്റവും കൂടുതൽ ഭൗതിക ആശയങ്ങളെയും സമ്പാദ്യങ്ങളെയും കൈകാര്യം ചെയ്യുന്നത്. പൗലൊസ് തിമൊഥെയൊസിനോടു പറഞ്ഞ നിത്യമായ മൂല്യങ്ങളിൽ നിന്നും തത്വങ്ങളിൽ നിന്നും നമ്മെ അകറ്റുന്ന ഭൗതികവാദത്തെ തടയണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ഏതു തലമുറയിലെ ക്രിസ്ത്യാനി ആയാലും നമ്മുടെ മുൻഗണനകൾ നേരെയാക്കണം എന്നതു എത്ര പ്രാധാന്യമുള്ള കാര്യമാണ്.

"അലംഭാവത്തോടുകൂടിയ ദൈവഭക്തി, വലുതായ ആദായം ആകുന്നു താനും" (6:6). "യെഹൂദ ഗുരുക്കന്മാരുടെ ഒരു ചൊല്ലു പറഞ്ഞിരുന്നതു: 'ആരാണ് ധനവാൻ? ധാരാളമായിട്ടുള്ളതുമായി അലംഭാവത്തോടെ കഴിയുന്നവൻ.' "[16] നമുക്കു ആ തത്വം ഫിലിപ്പിയർ 4:4–7, 11–13 ന്റെ സന്ദർഭത്തിൽ പരിശീലിക്കാവുന്നതും, ദൈവഭക്തിയിൽ വളരുന്നതിലൂടെ ക്രിസ്ത്യാനിക്ക് സംതൃപ്തിയുണ്ടാക്കുന്ന അഞ്ചു മനോഹര വരങ്ങൾ നോക്കാം:

1. ഭദ്രത: "കർത്താവു സമീപസ്ഥൻ" (ഫിലിപ്പിയർ 4:5; നോക്കുക എബ്രായർ 13:5, 6; മത്തായി 28:20). ഗ്രീക്ക് പദപ്രയോഗം പറയുന്നതു കർത്താവു നിങ്ങളുടെ മുട്ടിനരികിലുണ്ട് എന്നാണ്!

2. നല്കുന്നു: "നിങ്ങളുടെ ആവശ്യങ്ങൾ ദൈവത്തോടു അറിയിക്കയത്രേ വേണ്ടത്" (ഫിലിപ്പിയർ 4:6; നോക്കുക മത്തായി 6:25–33). നമ്മുടെ പര്യാപ്തതക്കുള്ള ഭണ്ഡാരം, സഭയല്ല, ദൈവം ആണ്.

3. ആത്മിയ ഉൾക്കാഴ്ച്ചകൾ: "ദൈവസമാധാനം,... നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിൽ കാക്കും" (ഫിലിപ്പിയർ 4:7; നോക്കുക പ്രവൃത്തികൾ 16:25, 26; 2 കൊരിന്ത്യർ 8:1–3; 2 തിമൊഥെയൊസ് 4:7, 8). നമ്മുടെ ഹൃദയങ്ങളേയും നിനവുകളേയും വാസ്തവത്തിൽ ദൈവം കാക്കുകയാണെങ്കിൽ, നമ്മുടെ മിക്കവാറും പ്രശ്നങ്ങളും സമ്മർദ്ദങ്ങളും അത് പരിഹരിക്കുകയില്ലേ?

4. തൃപ്തിപ്പെട്ട ആത്മാവു: "ഉള്ള അവസ്ഥയിൽ അലംഭാവത്തോടെ ജീവിപ്പാൻ ഞാൻ ശീലിച്ചിട്ടുണ്ട്" (ഫിലിപ്പിയർ 4:11; നോക്കുക 2 തിമൊഥെയൊസ് 4:17, 18). അതു സ്വാഭാവികമല്ല, എന്നാൽ ആ മഹത്വകരമായ അവസ്ഥ ഒരാൾക്ക് *ശീലിക്കുവാൻ* കഴിയും. ആരോ എഴുതിയിട്ടുണ്ട്, "നമുക്കു ആവശ്യമുള്ളതു ഒരു ദിവസത്തെ ആഹാരവും, വസ്ത്രവും പാർപ്പിടവുമാണ്; നിങ്ങൾ ഉച്ചയ്ക്കു മുമ്പ് മരിക്കുകയാണെങ്കിൽ, പകുതി മിച്ചമാകും."

5. ശക്തമായ മനോഭാവം: "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു" (ഫിലിപ്പിയർ 4:13; നോക്കുക റോമർ 8:31–39; 2 കൊരിന്ത്യർ 9:8–11; എഫെസ്യർ 3:20, 21).

ഭൗതികമായ നേട്ടത്തെ ആസ്പദമാക്കിയല്ല ഈ ലോകത്തിലേക്കുള്ള

പ്രവേശനം (ലൂക്കൊസ് 2:7), ഭൗതികശേഖരത്താൽ ഈ ലോകത്തെ വിട്ടു പോകുന്നതിൽ മാറ്റം വരുത്തുവാനും സാധ്യമല്ല (ലൂക്കൊസ് 16:19–25). ആരോ പറഞ്ഞു, "നിങ്ങൾ സമ്പാദിച്ചതെല്ലാം, നിങ്ങൾ മരിച്ച യുടനെ മറ്റുള്ളവരുടേതാകും എന്നോർമ്മിക്കുക, എന്നാൽ *നിങ്ങൾ ആരാ യിരിക്കുന്നു* അതായിരിക്കും നിങ്ങളുടെ നിത്യത മുഴുവൻ (നോക്കുക ലൂക്കൊസ് 12:13–21). *മരിച്ചു അഞ്ചു മിനിറ്റുകൾക്കുശേഷം, നിങ്ങളുടെ ജീവിതത്തെ കുറിച്ചു നിങ്ങൾ എങ്ങനെ കാണുന്നു? നിത്യത കടന്നു പോകുന്നതിനെ കുറിച്ചു നിങ്ങൾ എങ്ങനെ കാണുന്നു? അതിനേക്കാൾ പ്രാധാന്യം, ദൈവം നിങ്ങളുടെ ജീവിതത്തെ എങ്ങനെ കാണുന്നു?*

വിശക്കുമ്പോൾ ശരീരത്തിന് ആഹാരം നല്കുന്നതും തണുത്തു കഴി യുമ്പോൾ മൂടിയിടുന്നതുമാണ് ശാരീരികാവസ്ഥ. മറ്റെല്ലാ ആഗ്രഹങ്ങളും വിശപ്പും മനോഭാവത്തിൽ നിന്നാണ് ഉണ്ടാകുന്നത്. അതാണ് എപ്പികുറ സിന്റെ തത്വം പറയുന്നത്. സന്തോഷത്തിന്റെയും സംതൃപ്തിയുടെയും രഹസ്യം എന്താണെന്നു അയാളോടു ചോദിച്ചപ്പോൾ, അയാൾ മറുപടി പറഞ്ഞതു, "മനുഷ്യന്റെ സമ്പാദ്യത്തോടു ഒന്നും ചേർക്കരുത് എന്നാൽ ആഗ്രഹങ്ങളിൽ നിന്നു എടുത്തു മാറ്റുകയും വേണം."

മനുഷ്യനെ വിധിക്കുവാനുള്ള ഭാഗത്തെ തൃപ്തിപ്പെടുത്തുന്നതു ദൈവ ഭക്തിയാണ് (സഭാപ്രസംഗി 12:13, 14; 2 കൊരിന്ത്യർ 5:10). അതു കൊണ്ടു, അസംതൃപ്തരായ എല്ലാവരും അവരുടെ ലക്ഷ്യങ്ങൾക്കു തട യിടണം (മത്തായി 6:31–33; യാക്കൊബ് 4:1–4).

ധനത്തെ മാത്രമല്ല, ധനത്തിന്റെ "വഞ്ചനയെയും" യേശു മുന്നറിയി ച്ചിട്ടുണ്ട് (മത്തായി 13:22). നമ്മുടെ ജീവിതശൈലിയിലെ ആഗ്രഹങ്ങളുടെ സംഘട്ടനങ്ങളിൽ നിന്നു നമുക്കു ഒഴിഞ്ഞു മാറുവാൻ സാധ്യമല്ല. നമ്മുടെ വ്യവസ്ഥകളിലേക്കു കൂടുതൽ "ആവശ്യങ്ങൾ" വരുമ്പോൾ, സംതൃപ്തി ഇല്ലാതാകുന്നു. നിസ്സാര ശമ്പളമുള്ള ആൾക്കു രാജകുമാരന്റെ ആഗ്രഹ ങ്ങൾ ഉണ്ടായാൽ അയ്യോ കഷ്ടം! തന്റെ ശുശ്രൂഷയേക്കാൾ കൂടുതൽ പണത്താൽ പ്രേരിതനാവുകയും, ദൈവിക തത്വങ്ങളേക്കാൾ സമ്പാദ്യ ത്തിനു വിചാരപ്പെടുകയും, പരിവർത്തനങ്ങളെക്കാൾ പണത്തിന് കൂടു തൽ ആഗ്രഹിക്കുകയും ചെയ്യുന്ന സുവിശേഷകനു അയ്യോ കഷ്ടം!

### വിലകൊടുക്കേണ്ടി വരുന്ന മുൻഗണനകൾ
### (വാ. 9-11)

ഭൗതിക അഭിവൃദ്ധിയിൽ ഉയർന്ന മുൻഗണന കൊടുക്കുന്നവർക്ക് അനുഭവിക്കേണ്ടിവന്ന പല നഷ്ടങ്ങളും, വാക്യങ്ങൾ 9 ലും 10 ലും പൗലൊസ് പറയുന്നു.

*ഒന്നാമതു സ്വാതന്ത്ര്യം നഷ്ടമാകുന്നു (6:9)*. ദ്രവ്യാഗ്രഹി "പരീക്ഷ ണത്താലും കെണിയാലും" കുന്നിൻ താഴേക്കു വീഴുന്നു. (നോക്കുക മത്തായി 19:16–22; മർക്കൊസ് 10:17–22.) ആദ്യം വരുന്നതു പിടി കൊടു ക്കാത്ത ആഗ്രഹം, അല്ലെങ്കിൽ "പരീക്ഷണം"[17] ആണ്. പിടികൊടുക്കാത്ത ആഗ്രഹം ഒരാളെ "കെണിയിൽ"[18] വീഴ്ത്തും. ഒരാൾ പ്രത്യേകമായ ആഗ്രഹം വെച്ചു, പറഞ്ഞിരിക്കുന്ന ദിശയിലേക്കു തിരിയുമ്പോൾ, *പെട്ടെന്നു* അതിൽ നിന്നു കരകയറാൻ പറ്റാതാകുന്നു. (അതായതു, തെറ്റു

ചെയ്യാതെ അതിൽ നിന്നു മാറുവാൻ കഴിയാതെ വരുന്നു. എന്നാൽ ദൈവകൃപയാൽ, നാം അവന്റെ പദ്ധതിയോടു സഹകരിച്ചാൽ ഏതു പാപത്തെയും അതിജീവിക്കുവാൻ കഴിയും.) തെറ്റായ തിരഞ്ഞെടുപ്പു പലപ്പോഴും ഒരാളെ തന്റെ ആദ്യം ചെയ്ത തെറ്റിനെ ന്യായീകരിക്കുന്ന തിനിടയാക്കുന്നു, അതു പൗലൊസ് പറയുന്ന രണ്ടാമത്തെ ഭാഗത്തിനു വഴി തുറന്നു കൊടുക്കുകയാണ്.

*രണ്ടാമതു വിവേചനം നഷ്ടപ്പെടുന്നു (6:9).* വീണ വ്യക്തിയെ "മൗഢ്യവും ദോഷകരവുമായ മോഹങ്ങളിലേക്കു" തന്റെ വീഴ്ച്ച നയി ക്കുന്നു (നോക്കുക 2 പത്രൊസ് 2:15; സംഖ്യാപുസ്തകം 22:2–21; 23:1–11). ഒരാൾ ഈ നിലയിൽ എത്തിയാൽ, കരകയറാൻ ചെറിയ പഴുതുണ്ട് (നോക്കുക എബ്രായർ 6:4–6; സദൃശവാക്യങ്ങൾ 1:24–31). ഈ മോഹ ങ്ങളുടെ സ്വഭാവത്തെ നമുക്കു പരിശോധിക്കാം.

അവർ "മൂഢന്മാരത്രേ." യുക്തിഹീനമായ മോഹങ്ങൾ നാശത്തി ലേക്കു നയിക്കുന്നു! ഈ മോഹങ്ങൾക്കിരയായവർ അതിൽ നിന്നു കയ റാൻ ശ്രമിച്ചില്ലെങ്കിൽ, അയാൾ തീർച്ചയായും നിത്യത മുഴുവൻ, "എന്തു കൊണ്ട്, ഓ, ഞാൻ എന്തിന് അതു ചെയ്തു? ഞാൻ ചിന്തിച്ചിരുന്നത് എന്തായിരുന്നു?" എന്നു പറഞ്ഞു കരയും. നമ്മെ മുന്നറിയിച്ചിരിക്കു ന്നു, "മനുഷ്യനു ഒരു വഴി ചൊവ്വായി തോന്നും, അതിന്റെ അവസാ നമോ മരണവഴികൾ തന്നേ" (സദൃശവാക്യങ്ങൾ 14:12).

അവർ "ഉപദ്രവകാരികളും" നശിപ്പിക്കുന്നവരും ആണ്. യഥാർത്ഥ ത്തിൽ *മോഹം* എത്ര ശക്തമാണ്! അതു വേദനാജനകമാണെന്നു ഒരാൾക്ക് അറിയാം – എന്തെന്നാൽ അവനെ പാപവും അത്യാഗ്രഹവും നശിപ്പിക്കുന്നു, ഉപദ്രവിക്കുന്നു, കേടു വരുത്തുകയും ചെയ്യുന്നു – എന്നാൽ അവൻ പിന്നെയും കൂടുതൽ മോശമായി തീരും! *അതു വലിയ കാര്യമൊന്നുമല്ല എന്നു യുക്തിയും സത്യവും ഉറക്കെ പറയും* – എന്നാൽ ധനത്തിനുള്ള മോഹത്തിനു അടിമയായ വ്യക്തി വിവേചനം നഷ്ടമാ കുന്ന അവസ്ഥ അനുഭവിക്കും!

*മൂന്നാമത്തേതു ആത്മാവ് നഷ്ടം വരുത്തും (6:9).* കൂടുതൽ പണം ഉണ്ടാക്കണം എന്ന മോഹത്തിൽ വീഴുന്ന ആളുകൾ "മുങ്ങി[19] പോകു ന്നതു തകർച്ചയിലും[20] നാശത്തിലുമാണ്."[21] എൻഎഎസ്ബിയിൽ ആ വാക്ക് "നിമഞ്ജനം" എന്നും, കെജെവിയിൽ "മുങ്ങുക" എന്നുമാണ്. ഇതു ചിത്രീകരിക്കുന്നതു നല്ലതിൽ നിന്നെല്ലാം വേർപിരിഞ്ഞു "നാശ ത്തെ" അഭിമുഖീകരിക്കുന്നതുവരെ പാപത്തിൽ മുങ്ങി അതിൽ തന്നെ തുടരുന്ന ഒരു വ്യക്തിയെയാണ്. ആത്മാവിന്റെ ഈ നഷ്ടത്തെ വർണ്ണി ക്കുവാൻ വാക്കുകൾ പോരാ.

*നാലാമതു നഷ്ടമാകുന്നതു വിശുദ്ധിയാണ് (6:10).* "ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലം അല്ലോ." ആത്മാവിനെ ക്രൂശിൽ തറെ പ്പിക്കുന്നതു പണമല്ല പണത്തോടുള്ള ആഗ്രഹമാണ്. ആഖാൻ കാണി ച്ചതു അത്തരം പ്രവണതയാണ്. യോശുവ 7:21-ൽ അവൻ പറഞ്ഞു, "ഞാൻ മോഹിച്ചു ... എടുത്തു ... കുഴിച്ചിട്ടു" (യോശുവ 7:21). ആഖാൻ പാപം ചെയ്യുകയും, പിന്നെ കഷ്ടത അനുഭവിക്കുകയും ചെയ്തു. ഡെമോക്രെറ്റസ് പറഞ്ഞതു, "ദ്രവ്യാഗ്രഹം," "സകല ദുഷ്പ്രവർത്തി

കളുടെയും കേന്ദ്രബിന്ദുവാണ്" എന്നാണ്. "ഏറ്റവും വലിയ നിയമലംഘനങ്ങളുടെ ആരംഭ - സ്ഥാനമാണ് ദ്രവ്യാഗ്രഹം" എന്നു ഫിലോ പറഞ്ഞു. ശുദ്ധരായ പല നല്ല ആളുകളെയും പണത്തോടുള്ള ആഗ്രഹം അശുദ്ധരാക്കിയിട്ടുണ്ട്.

*അടുത്തതു വിശ്വാസ നഷ്ടം ആണ് (6:10)*. ഈ തെറ്റിനാൽ ആളുകൾ "വിശ്വാസത്തിൽ നിന്നകന്നു പോകും" (1 തിമൊഥെയൊസ് 1:18-20; തിത്തൊസ് 1:10, 11). അന്യായമായ മലിന മോഹത്തിനുവേണ്ടി ആളുകൾ വീടിനെ മുഴുവനായി നശിപ്പിച്ചിട്ടുണ്ട്. ഒരാൾ ലോകത്തെ *അതിജീവിക്കുന്നതിനു* പകരം, അയാളുടെ വിശ്വാസത്തെ ലോകം *അതിജീവിക്കു*മാറാകുന്നു (1 യോഹന്നാൻ 5:4).

*അവസാനം സംതൃപ്താവസ്ഥ നഷ്ടമാകുന്നു (6:10)*. ഇതിന്റെ ഫലമായി, ദ്രവ്യാഗ്രഹികൾ "പലവിധ മനോവേദനകൾക്കിരയാകുന്നു" (നോക്കുക മത്തായി 26:24, 25; 27:3-5; 2 കൊരിന്ത്യർ 7:10). ലോകത്തിന്റെ ദുഃഖം മരണത്തെ ഉളവാക്കുന്നു. യൂദാ ഇസ്ക്കാര്യോത്താവ് ദുഃഖിക്കുവാനിടയായതു, തന്റെ ദ്രവ്യാഗ്രഹം നിമിത്തം ആയിരുന്നു എന്നവൻ മനസ്സിലാക്കി. ലോകത്തിലെ ധനത്തെ സ്നേഹിക്കുന്നവർക്ക് *"നാനാവിധ ദുഃഖങ്ങൾ"*[22] ഉണ്ടാകും (കെജെവി). *ഈ വഞ്ചനയായ പാപം നിമിത്തം ഉണ്ടാകുന്ന നഷ്ടം വലുതാകുന്നു!*

ഒരു യുക്തിപരമായ തീർപ്പ് നല്കിയിരിക്കുന്നു (6:11). പൗലൊസിന്റെ മുന്നറിയിപ്പും കല്പനയും എത്ര അനുയോജ്യമാണ്: "ഇവയിൽ നിന്നെല്ലാം, ദൈവമനുഷ്യനായ നീ ഓടി പോക."[23] ദൈവികമായ അപേക്ഷ ഇതാണ്: "നിന്റെ മനസ്സോ കാലോ ആ വഴിക്ക് തിരിയരുത്. വശീകരണം വലുതായിരിക്കും, പിന്നെ വിലയുള്ള വേദന വളരെ പ്രിയപ്പെട്ടതാകും!" ഒരാൾക്ക് കൂടുതൽ നല്ല പാത പിന്തുടരാം. പൗലൊസ് 2 തിമൊഥെയൊസ് 2:22-ൽ എഴുതി, "യൗവ്വനമോഹങ്ങളെ വിട്ടോടി, നീതിയും, വിശ്വാസവും, സ്നേഹവും ശുദ്ധ ഹൃദയത്തോടെ കർത്താവിനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടും, സമാധാനവും ആചരിക്ക." ഈ ശ്രേഷ്ഠമായ പരിശ്രമങ്ങൾ ആയിരുന്നു പൗലൊസിന്റെ അടുത്ത വിഷയം.

## പാഠം 20: തിമൊഥെയൊസിനെ യഥാവിധി ഉപദേശിച്ചു (6:11-16)

പൗലൊസ് നിഷേധത്തിൽ നിന്നു ക്രിയാത്മകമായതിലേക്ക് തിരിഞ്ഞു. ഓടേണ്ട അപകടം ഉണ്ടായിരുന്നു എങ്കിൽ, പരിശോധിക്കേണ്ട സ്വഭാവവിശേഷതകളുണ്ടായിരുന്നു: "നീതി, ദൈവഭക്തി, വിശ്വാസം, സ്നേഹം, ദീർഘക്ഷമ കൂടാതെ സൗമ്യതയും പിന്തുടരുക" (6:11). ഈ മുൻഗണനകൾ ഒരു ക്രിസ്ത്യാനിയുടെ സ്വാഭാവിക ലക്ഷ്യങ്ങളാകണം (നോക്കുക 1 യോഹന്നാൻ 2:20; 1 പത്രൊസ് 2:9, 10; 2 തിമൊഥെയൊസ് 3:17). പൗലൊസ് തിമൊഥെയൊസിനെ "ദൈവമനുഷ്യൻ," എന്നു വിശേഷിപ്പിച്ചതിൽ സർവ്വശക്തനായ ദൈവത്തിന്റെ പ്രതിനിധിയായി അവൻ തന്റെ വലിയ ശക്തിയുടെ തേജസ്സും തിമൊഥെയൊസിലുള്ള ആത്മവിശ്വാസവും കാണിക്കുന്നു.

**ദൈവമനുഷ്യൻ: അവന്റെ പ്രയത്നം (വാ. 11)**

ചില തത്വങ്ങൾ ലേഖനത്തിന്റെ ഈ ഭാഗത്ത് നൽകുന്നത് തിമൊഥെയൊസിനു – അല്ലെങ്കിൽ ഏതൊരു ദൈവപൈതലിനും – "പിന്തുടരേണ്ടതിനാണ്."[24] ഉത്സാഹത്തോടെയുള്ള പ്രയത്നത്തെയാണ് "പിന്തുടരൽ" എന്നതിന്റെ ഗ്രീക്ക് വാക്ക് അർത്ഥമാക്കുന്നത്. അലസനോ മടിയനോ ആയ ദാസൻ ആയാൽ പോരാ. എല്ലാ ദിശയിലേക്കും മനസ്സിനെ ചലിപ്പിക്കുന്ന കാഴ്ച്ചപ്പാടാണ് പൗലൊസ് നല്കിയ സ്വഭാവവിശേഷതകളിലുള്ളത്.

*പുറമെ മറ്റുള്ളവരോടു.* ഒരു ക്രിസ്ത്യാനി ഉത്സാഹത്തോടെ പിന്തുടരേണ്ടതാണ് "നീതി."[25] ദൈവത്തോടു ഉദ്ദേശത്തോടെ അടുക്കുന്നതു മാത്രമല്ല നീതിയിൽ ഉൾപ്പെട്ടിരിക്കുന്നത്, എന്നാൽ പ്രവർത്തനത്തിൽ ആളുകളുമായി ബന്ധപ്പെടുന്നതും ഉൾപ്പെടുന്നു!

*മുകളിൽ ദൈവത്തോടു.* ഒരാൾ "ദൈവഭക്തിയിൽ" മുതിർന്നു വരണം. അത്തരം വ്യക്തി ദൈവസാന്നിധ്യത്തിലാണെന്ന ബോധ്യത്തോടെ ദിവസവും ജീവിക്കണം. ഈ ആശയമാണ് ഒന്നു തിമൊഥെയൊസ് നൽകുന്നത് (2:2, 10; 3:16; 4:7, 8; 6:3, 5, 6).

*ആന്തരികമായി സ്വന്തത്തിലേക്ക്.* ഒരാളുടെ "വിശ്വാസം"[26] വർദ്ധിപ്പിക്കേണ്ടതിന് സ്ഥിരമായ ലക്ഷ്യം ഉണ്ടാവുക എന്നതാണ് ഈ പ്രയത്നത്തിന്റെ ഭാഗമായുള്ളത്. ഒരാളിൽ ഗാഢമായ വിശ്വാസം ഉണ്ടാകുന്നില്ലെങ്കിൽ (ദൈവത്തിലും അവന്റെ വാഗ്ദാനത്തിലും സ്വീകാര്യ വിശ്വാസവും ആശ്രയവും), അവന്റെ ദൈവഭക്തി വളരുകയില്ല കൂടാതെ അവന്റെ നീതി മറ്റുള്ളവർക്ക് അനുഗ്രഹിക്കുവാന്തക്കവണ്ണം ആകുകയുമില്ല. ലോകത്തെ ജയിക്കുവാനുള്ള അടിസ്ഥാനമാണ് വിശ്വാസം അങ്ങനെ നമുക്കു ദൈവിക സ്വഭാവം കൈക്കൊള്ളുവാൻ കഴിയും (1 യോഹന്നാൻ 5:4; റോമർ 10:17). നമ്മുടെ വിശ്വാസം ദൈവത്തിന്റെയും ക്രിസ്തുവിന്റെയും പരിജ്ഞാനത്തെ ആസ്പദമാക്കിയുള്ളതാണ് (2 പത്രൊസ് 1:2–4). നമ്മിൽ എത്ര പേർ മർക്കൊസ് 9:24 ലെ പ്രാർത്ഥന പ്രാർത്ഥിക്കേണ്ടതായിട്ടുണ്ട്!

*അകത്തും പുറത്തും മുകളിലേക്കും എല്ലാ ചുറ്റുപാടും*. ദിശയ്ക്കോ ആഴത്തിനോ പരിധിയില്ലാത്ത സ്വഭാവ വിശേഷണമാണ് അടുത്തത്. എല്ലാ ശിഷ്യന്മാരും "സ്നേഹം"[27] വളർത്തിയെടുക്കണം. ദൈവത്തെ പോലെ, *എല്ലായിടത്തും* എല്ലാ സ്ഥലത്തും അതിന്റെ സഹിഷ്ണുത *നിത്യ*മായിരിക്കും (1 യോഹന്നാൻ 4:8; 1 കൊരിന്ത്യർ 13:4–8, 13). അസംഖ്യം പാപങ്ങളെ സ്നേഹത്തിനു മറെക്കുവാൻ കഴിയും (1 പത്രൊസ് 4:8; യാക്കൊബ് 5:19, 20).

*സ്വയമായി മുൻപോട്ട്.* മുകളിൽ പറഞ്ഞ എല്ലാ സ്വഭാവ വിശേഷണങ്ങളോടു കൂടെ "ദീർഘക്ഷമ"[28] കൂടെ ചേർത്താൽ അതിന് പ്രത്യേക വ്യാപ്തി ലഭിക്കുന്നതായി കാണാം. സ്നേഹം എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു, എന്നു 1 കൊരിന്ത്യർ 13:7 വ്യക്തമാക്കുന്നു. ബലഹീനരുടെ അകൃത്യങ്ങൾ പൊറുക്കുന്നതുകൊണ്ട്, ദൈവഭക്തിയും ഉത്തമമായ സ്വഭാവവുമുള്ളവർക്ക് "രണ്ടു മൈൽ" നടക്കുവാൻ സാധിക്കുന്നു.

നിരാശയും നിരുത്സാഹവും അനുഭവിക്കാതെ തിമൊഥെയൊസിനു എഫെസൊസിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു പക്ഷെ കഴിയുമായിരുന്നില്ല. നല്ലതു ചെയ്യുന്നവരാൽ ഓരോ സുവിശേഷകനും പരാജയം സംഭവിച്ചേക്കാം. സ്നേഹത്തോടൊപ്പം ദീർഘക്ഷമയും ഉണ്ടാകണം, അല്ലെങ്കിൽ നിഷേധ മനോഭാവം (ഇങ്ങനെ പറയുന്ന, "മറന്നുകളക! എനിക്കു മതിയായി!") എന്ന തോന്നൽ ആ ദിവസം ഉണ്ടായേക്കാം!

*മറ്റുള്ളവരോടു സൂക്ഷ്മമായി.* ക്രിസ്തുവിനെ കുറിച്ചു മത്തായി 12:20 പറയുന്നു, "ചതഞ്ഞ ഓട അവൻ ഒടിച്ചു കളകയില്ല, പുകയുന്ന തിരി കെടുത്തു കളകയുമില്ല, അവൻ ന്യായവിധി ജയത്തോളം നടത്തും." ക്രിസ്തുവിന്റെ കാൽപാദങ്ങളെ പിൻപറ്റുന്ന വ്യക്തിയിൽ "സൗമ്യത" എന്ന സ്വഭാവഗുണം വേണം. തിമൊഥെയൊസിനു ഈ സ്വഭാവം എത്ര മനോഹാരിത വർദ്ധിപ്പിക്കും, അല്ലെങ്കിൽ ഏതൊരു ഫലം പുറപ്പെടുവിക്കുന്ന സുവിശേഷകനും, തന്റെ പ്രവൃത്തിയിൽ ഈ ഘടകം പിന്തുടരേണ്ടതാണ്. സ്നേഹത്തിന്റെയും ക്ഷമയുടെയും കൂടിച്ചേർന്ന ഗുണങ്ങൾ ക്രിസ്തുവിന്റെ ദാസരെ മറ്റുള്ളവരുടെ ആവശ്യങ്ങൾ കാണാൻ മാത്രമല്ല സഹായിക്കുന്നത്, അതു ചെയ്യുന്നതിൽ "മൃദു മനോഭാവം" ലഭികേണ്ടതിനുമാണ്! ഈ പ്രയത്നത്തിൽ അത് ശ്രേഷ്ഠമായ ഉച്ചസ്ഥാനം തന്നെ. നിങ്ങൾ ചെയ്യുന്നതു എന്തായാലും ആ വസ്തുത സൂക്ഷിക്കുകയും, ചെയ്യുന്നതു സൗമ്യ മനോഭാവത്തിലുമാകണം. ആത്മിയ സേവനം നടത്തുന്നതിൽ അത് *എങ്ങനെ ചെയ്യുന്നു* എന്നതു സങ്കീർണ്ണമാണ് (നോക്കുക 2 കൊരിന്ത്യർ 12:14, 15; 1 തെസലൊനിക്യർ 2:7–12).

### ദൈവ മനുഷ്യൻ: അവന്റെ മാതൃക (വാ. 12-14)

ദൈവപുരുഷന്നു വേണ്ട മൂന്നു വിധത്തിലുള്ള മാർഗ്ഗരേഖകൾ നല്കുന്നുണ്ട്. അതിൽ ഭാവിയിൽ ഉണ്ടാകേണ്ട മനോഭാവത്തെയും ഉൾപ്പെടുത്തിയിട്ടുണ്ട്, കഴിഞ്ഞകാല വാഗ്ദാനങ്ങളും, എല്ലാ കാലത്തേക്കും എല്ലാ ശുശ്രൂഷക്കും കീഴടങ്ങുന്ന നിലപാടും വ്യക്തമാക്കുന്നുണ്ട്.

### പോരാടുന്നവൻ ആകുക (വാ. 12)

"നല്ല പോർ പൊരുതുക."[29] ഒരാൾ നന്മക്കായി വേദനിക്കുമ്പോൾ, മറ്റുള്ളവരുടെ ആത്മാക്കൾക്കുവേണ്ടി അതെത്ര ശക്തമായ സ്വാധീനമാകും. എബ്രായർ 11:3–40 ദൈവജനത്തിന്റെ നൂറ്റാണ്ടുകളായിട്ടുള്ള പോരാട്ടം എന്താണെന്നു സൂചിപ്പിക്കുന്നു (നോക്കുക എബ്രായർ 12:1–3; 2 കൊരിന്ത്യർ 11:23–28; 2 തിമൊഥെയൊസ് 4:7, 8). നിങ്ങൾ നല്ല പോർ പൊരുതുന്നുണ്ടോ?

### നിങ്ങളുടെ സ്വീകാരത്തോടു വിശ്വസ്തരായിരിക്കുക (വാ. 12, 13)

നാം ക്രിസ്തുവിനെ അറിയാതെ അവനിലുള്ള വിശ്വാസം ഏറ്റു പറയുന്നതു അനുചിതമായിരിക്കും (നോക്കുക മത്തായി 16:13–18; റോമർ 10:9, 10). എങ്ങനെയായാലും, അവനെ അറിയുന്നു എന്നു പറഞ്ഞാൽ അനുസരിക്കുക, എന്നാണെന്നു ഓർമ്മിക്കുക (ലൂക്കൊസ് 6:46; 1 യോഹന്നാൻ 2:3–6). അതുകൊണ്ടു, ദൈവ കല്പന അനുസരിക്കുന്നതും

നമ്മുടെ ഏറ്റു പറച്ചലും വിശ്വാസ പോരാട്ടത്തിനുള്ള വെല്ലുവിളി തന്നെയാണ് (അവയിൽ ചിലതു താഴെ കൊടുത്തിരിക്കുന്നു).

തിമൊഥെയൊസ് "അനേകം സാക്ഷികളുടെ" മുൻപാകെ കഴിച്ച സ്വീകാരം അവനെ മുൻപോട്ടു ഗമിക്കുവാൻ പ്രചോദിപ്പിക്കുന്നതാണ്. അവന്റെ വിശ്വാസം ഏറ്റു പറയുന്നതു കേട്ട ആരെയും അവൻ നിരാശപ്പെടുത്താതിരിക്കാം. ആ സ്വീകാരത്തിന്റെ ഓർമ്മ ആരെങ്കിലും ശ്രേഷ്ഠനായ ദൈവപുത്രനെതിരെ നില്ക്കുന്നതു കണ്ടാൽ അതിനെ ധൈര്യത്തോടെ നേരിടുവാൻ കഴിയും.

### കല്പനകളെ പ്രമാണിക്കുന്നതിൽ വിശ്വസ്തനായിരിക്കുക (വാ. 14)

പൗലൊസ് കൊടുത്ത കല്പന രണ്ടു - മുനയുള്ളതായിരുന്നു. എല്ലാ *വ്യക്തിപരമായ നിർമ്മലതയോടും* കൂടെയാണ് നാം കല്പന പ്രമാണിക്കേണ്ടത് - "കറ പുരളാതെ." കൂടാതെ, നാം കല്പന അനുസരിക്കേണ്ടതു *പൊതുവായ അംഗീകാരം* ലഭിച്ചുകൊണ്ടാകണം - "അപവാദങ്ങൾ ... ഇല്ലാതെ."[30] ഈ രണ്ടു സ്വഭാവ വിശേഷതകൾ അകത്തും പുറത്തും ശുദ്ധമായ മനസാക്ഷിയെ ഉറപ്പു വരുത്തുന്നു.

### ദൈവമനുഷ്യർ: അവന്റെ പ്രയോജനങ്ങൾ (വാ. 14-16)

ഈ സ്വഭാവവിശേഷണങ്ങളും കല്പനകളും പിന്തുടരുന്ന വെല്ലുവിളിയാൽ നേടുന്ന പ്രയോജനങ്ങൾ നാം കണ്ടില്ലെന്നു നടിക്കരുത്. ഒരിക്കലും അവസാനിക്കാത്ത ജീവിതം ഇപ്പോൾ തന്നെ ആരംഭിക്കാം (യോഹന്നാൻ 5:24; ഗലാത്യർ 3:26–29) "തക്കസമയത്ത്" അതു ഉച്ചസ്ഥായിയിലെത്തുകയും ചെയ്യും (6:15; 1 പത്രൊസ് 1:3–5; വെളിപ്പാട് 21:1–7). *അതെത്ര മഹത്വകരമായ നിത്യത ആയിരിക്കും!*

കർത്താവു വെച്ചിട്ടുള്ള നിലവാരത്തിന്റെ അടിസ്ഥാനത്തിലായിരിക്കും ഒരിക്കലും അവസാനിക്കാത്ത ജീവിതം (6:13). സമ്മർദ്ദത്തിലും പരീക്ഷണത്തിലും അകപ്പെട്ട ഏതൊരു ആത്മാവും ഓർക്കേണ്ടതു കർത്താവും നല്ല സ്വീകാര്യത്തിൽ "പരീക്ഷിക്കപ്പെട്ടു"[31] എന്നാണ്. തന്റെ ജീവിതത്തിൽ ഭീഷണി നേരിട്ട സമയത്താണ് പിലാത്തൊസിന്റെ മുൻപിൽ വെച്ചു ക്രിസ്തു തന്റെ ഏറ്റുപറച്ചൽ നടത്തിയത് (മത്തായി 27:11; മർക്കൊസ് 15:2; ലൂക്കൊസ് 23:2, 3; യോഹന്നാൻ 18:36, 37). ക്രിസ്തു അങ്ങനെ സംസാരിക്കയും ജീവിക്കയും ചെയ്തതുകൊണ്ടു, അവന്റെ തേജസേറിയ വരവുവരെ, ആ രീതിയിലുള്ള ജീവിത രീതി തുടരുവാൻ പൗലൊസ് പറഞ്ഞിരിക്കുന്നു (പ്രവൃത്തികൾ 1:9–11; ഫിലിപ്പിയർ 3:20, 21; കൊലൊസ്യർ 3:1–4). *ക്രിസ്തു വീണ്ടും പ്രത്യക്ഷനാകുമ്പോൾ അതെന്തൊരു കാഴ്ച്ചയായിരിക്കും (6:14, 15, 16)!*

ക്രിസ്തു ഏറ്റവും ഉയർത്തപ്പെട്ടു; "അവൻ ഭാഗ്യവാനും ഏക പരമോന്നതനുമാണ്" (1 തിമൊഥെയൊസ് 1:11; ഫിലിപ്പിയർ 2:5–9).

ക്രിസ്തുവിനു സ്വർഗ്ഗീയ മാനമുണ്ട്; "അവൻ രാജാധിരാജാവാണ്" (മത്തായി 28:18–20; എഫെസ്യർ 1:20–23; വെളിപ്പാട് 17:14).

ശക്തിയിൽ ക്രിസ്തുവിനു പ്രഥമസ്ഥാനമുണ്ട്; "അവൻ കർത്താധി

കർത്താവാണ്" (വെളിപ്പാട് 19:11-16).

ക്രിസ്തു എപ്പോഴും സൂക്ഷിക്കപ്പെടുന്നവനും സന്നിഹിതനുമാണ്; "അവനു മാത്രം അവകാശപ്പെട്ടതാണ് അമർത്യത" (സങ്കീർത്തനങ്ങൾ 90:1, 2; 2 തിമൊഥെയൊസ് 1:10; 1 യോഹന്നാൻ 1:1-4; മത്തായി 28:20).

ക്രിസ്തുവിനു ചുറ്റും കണ്ണഞ്ചിക്കുന്ന പ്രകാശമാണ്; അവൻ "അടുത്തു കൂടാത്ത വെളിച്ചത്തിൽ വസിക്കുന്നു" (സങ്കീർത്തനങ്ങൾ 104:2; യോഹന്നാൻ 8:12; 1 യോഹന്നാൻ 1:5, 7).

ഈ വിലയേറിയ വാഗ്ദാനങ്ങളും നട്ടെല്ലിനെ - തുടിപ്പിക്കുന്ന സാധ്യതകളും ഏതൊരാത്മാവിനെയും പോരാടുവാനും, വിശ്വസ്തമായിരിപ്പാനും, ക്രിസ്തുവിന്റെ കല്പനകൾ പ്രമാണിക്കുവാനും ഉത്തേജിപ്പിക്കും! *ഓ, എന്തു നല്ല രക്ഷകൻ!*

## പാഠം 21: ധനികർക്കുള്ള ശുപാർശകൾ (6:17-19)

പൗലൊസ് പറഞ്ഞു, "ഉൺമാനും ഉടുപ്പാനും ഉണ്ടെങ്കിൽ, മതി എന്നു നാം വിചാരിക്ക" (6:8). ഒരാൾക്കു ആഹാരത്തെക്കാളും വസ്ത്രത്തെക്കാളും കൂടുതൽ ഉണ്ടെങ്കിലോ? ധനവാനു സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ കഴിയുമോ? ലൂക്കൊസ് 18:24, 25-ൽ, യേശു പറഞ്ഞു, "സമ്പത്തുള്ളവർ ദൈവരാജ്യത്തിൽ കടക്കുന്നതു എത്ര പ്രയാസം! ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനേക്കാൾ, ഒട്ടകം സൂചിക്കിടയിലൂടെ കടക്കുന്നത് എളുപ്പം എന്നു പറഞ്ഞു." പിന്നെ ആർക്കു രക്ഷ പ്രാപിക്കുവാൻ കഴിയും എന്ന ചോദ്യത്തിനു, അവൻ പറഞ്ഞതു, "മനുഷ്യരാൽ അസാധ്യമായതു ദൈവത്താൽ സാധ്യമാക്കുന്നു." സ്വർഗ്ഗത്തിൽ പ്രവേശിക്കുന്ന ധനവാന്മാരായ എത്ര പേർ കാണും എന്നു നമുക്ക് അറിയില്ല, എന്നാൽ ഒരാളെ - അബ്രഹാമിനെ നമുക്ക് അറിയാം (മത്തായി 8:11; ഉല്പത്തി 13:1, 2).

സന്തോഷകരമായ ജീവിതത്താലും ജ്ഞാനത്താലും ദൈവത്തേയും ധനത്തേയും സംയോജിപ്പിച്ചു ധനവാന്മാർക്ക് എങ്ങനെ കൊണ്ടു പോകാമെന്ന് ദൈവികമായ വചനപ്രകാരമുള്ള മാർഗ്ഗരേഖ നൽകുന്നു. ഈ ആഗ്രഹ നേട്ടത്തിനു, പൗലൊസ് ധനവാന്മാർക്കു ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ പ്രവൃത്തികൾ കാണിച്ചു കൊടുക്കുന്നുണ്ട്.

### എന്താണ് ചെയ്യരുതാത്തത് (വാ. 17)

"നിഗളിക്കരുത്"[32] എന്നാണ് പൗലൊസ് ധനവാന്മാരോടു അപേക്ഷിച്ചത്. മറ്റുള്ളവരുടെ ദാരിദ്ര്യത്തിലും വേദനയിലും സഹായിക്കുവാൻ അഹങ്കാരം ധനവാന്മാരെ അനുവദിക്കുകയില്ല. മറ്റുള്ളവരുടെ പ്രായോഗിക ബുദ്ധിമുട്ട് ഗർവ്വുള്ളവർ കാണുകയില്ല (നോക്കുക ലൂക്കൊസ് 16:19-25). സ്വയ - പര്യാപ്തത നിമിത്തം ആളുകൾ സത്യത്തെ കാണാതിരിക്കും.

ധനസമൃദ്ധിയുള്ളവർക്കു പറ്റുന്ന കുഴപ്പം അവർ "നിശ്ചയമില്ലാത്ത ധനത്തിൽ പ്രത്യാശ വെക്കും." (നോക്കുക സഭാപ്രസംഗി 10:19; സങ്കീർത്തനങ്ങൾ 52:7; 62:10, 11; ലൂക്കൊസ് 12:16-21; മർക്കൊസ് 10:17-22.)

ഹെൻഡ്രിക് ഇബ്സെൻ ബുദ്ധിയോടെ പറഞ്ഞു, "പല കാര്യങ്ങളുടേയും തോട് ആകാം പണം, എന്നാൽ സത്തയാകയില്ല. അതു നിങ്ങൾക്കു ആഹാരം കൊണ്ടുവരും, പക്ഷെ വിശപ്പു കൊണ്ടുവരികയില്ല; മരുന്നു കൊണ്ടുവരും, പക്ഷെ ആരോഗ്യം തരികയില്ല; ബന്ധങ്ങൾ കൊണ്ടുവന്നേക്കാം, പക്ഷെ സ്നേഹിതന്മാരെ തരികയില്ല; ദാസന്മാരെ കൊണ്ടുവന്നേക്കാം, പക്ഷെ ഭക്തി കൊണ്ടുവരികയില്ല; സന്തോഷ ദിവസങ്ങൾ നല്കിയേക്കാം, പക്ഷെ സന്തോഷമോ സമാധാനമോ തരികയില്ല."[33]

### എന്തു ചെയ്യേണം (വാ. 17-19)

ഒന്നാമതു, ധനവാൻ "തന്റെ പ്രത്യാശ ... ദൈവത്തിൽ ഉറപ്പിക്കണം." എന്തുകൊണ്ട് എന്നു യാക്കോബ് 1:17 തുടങ്ങിയ വേദഭാഗങ്ങൾ വിശദമാക്കുന്നുണ്ട്. നമുക്ക് ആവശ്യമുള്ളതെല്ലാം നല്കുവാൻ കഴിവുള്ള വലിയ ദാതാവാണ് ദൈവം.

രണ്ടാമതു, "നന്മ ചെയ്വാനാണ്"[34] ധനവാൻ ആഗ്രഹിക്കേണ്ടത് (6:18). നന്മ ചെയ്വാനുള്ള മാർഗ്ഗരേഖ പൗലൊസ് നല്കുന്നുണ്ട്:

1. *എത്രത്തോളം* നന്മ ചെയ്യണമെന്നു പ്രത്യേകം പറഞ്ഞിട്ടുണ്ട്. ധനവാന്മാർ "സൽപ്രവൃത്തികളിൽ സമ്പന്നർ ആകേണം."[35] ഈ കല്പന നിറവേറ്റുന്നവനെല്ലാം *നന്മ ചെയ്യുവാൻ കഴിയും.*

2. നന്മ ചെയ്യുന്ന *മനോഭാവവും* പ്രത്യേകമായി പറഞ്ഞിരിക്കുന്നു. ധനവാൻ "പങ്കിടുവാൻ തയ്യാറാകണം." *നന്മ ചെയ്യുവാൻ ആഗ്രഹിക്കുന്നവൻ* സ്വതന്ത്രമായി നല്കും.

3. വ്യക്തികളുടെ *പരിചിതമാക്കിയ ഉദാരമാതൃക* വ്യക്തമാക്കിയിരിക്കുന്നു. അവർ കാണത്തക്കവണ്ണം "പങ്കിടുവാൻ തയ്യാറാകുന്നു."[36] കെജെവി പറയുന്നതു അവർ "ആശയവിനിമയം നടത്തുവാൻ മനസ്സു വെച്ചു" എന്നാണ്. അവർക്കു ധർമ്മോപകാരം നടത്തുവാനുള്ള മനോഭാവം മാത്രമല്ല ആളുകൾക്കിടയിൽ ഇറങ്ങിച്ചെന്നു അവരുടെ ആവശ്യങ്ങൾ കണ്ടെത്തി സഹായിക്കുവാനും സന്നദ്ധനായി. നിങ്ങൾ പ്രീമിയം മുഴുവൻ അടച്ചാൽ തുക നല്കുന്ന ഇൻഷുറൻസ് കമ്പനികൾ പോലെയല്ല അവർ ചെയ്യുന്നതു. മറിച്ചു, ഈ ആളുകൾ ജനങ്ങളുടെ നല്ല സമയത്തും മോശപ്പെട്ട സമയത്തും അവരുമായി കൂട്ടായ്മ പുലർത്തും. ഈ ആളുകൾ *നിരന്തരമായി നന്മ ചെയ്തുകൊണ്ടിരിക്കും.*

## പാഠം 22: കയ്യെഴുത്തിനുശേഷം അപേക്ഷിക്കൽ (6:20, 21)

ദൈവ വചനത്തിൽ ഉറച്ചു നില്ക്കേണ്ടതിനും, ദുരുപദേശത്തിന്റെ വശീകരണം ഒഴിവാക്കുന്നതിനും പൗലൊസ് തിമൊഥെയൊസിനെ അത്യാവശ്യമായി ഓർപ്പിക്കുന്നു. "അല്ലയോ തിമൊഥെയൊസേ" എന്ന സംബോധന ആ അപേക്ഷയുടെ ആഴം വ്യക്തമാക്കുന്നു.

### ക്രിയാത്മകമായ ഭാഗം (വാ. 20)

തിമൊഥെയൊസിന് ചിലതു "സൂക്ഷിക്കേണ്ടതായി"[37] ഉണ്ടായിരുന്നു (6:20). ഈ ശ്രദ്ധേയ സംരക്ഷണം ഒരു ദിശയിലേക്കാണ് കൊണ്ടുപോ

യത് – അത് നയിച്ചത് "നിന്നിൽ ഭരമേല്പിച്ചിരിക്കുന്നതിലേക്കാണ്." ഈ പദപ്രയോഗം *പാരാതേക്കേ,* എന്ന ഒരു ഗ്രീക്കു വാക്കാണ്, അതിന്റെ അർത്ഥം "ഒരു നിക്ഷേപം"[38] എന്നാണ്. തിമൊഥെയൊസിൽ നിക്ഷേപിച്ചിരിക്കുന്ന അതേ നിക്ഷേപം എല്ലാ സുവിശേഷകന്മാരിലും ഏല്പിക്കും: "... നിരപ്പിന്റെ വചനമാണ് അവൻ നമ്മിൽ തന്നിരിക്കുന്നത്" (2 കൊരിന്ത്യർ 5:19; കൂടാതെ നോക്കുക 1 തിമൊഥെയൊസ് 1:11). പൗലൊസിന്റെ വാക്കുകൾ എല്ലാ സുവിശേഷകന്മാരും കേട്ടെങ്കിൽ എത്ര നന്നായിരുന്നു! സ്വർഗ്ഗീയ നിക്ഷേപമാണ് നമുക്കുള്ളത്. നാം അതു ഭയഭക്തിയോടെ ഉപയോഗിച്ചാൽ നാം അവിടെ പോകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അതിനെ നിർമ്മലമായിത്തന്നെ ശരിയായ സ്ഥലത്ത് ഭരമേൽപ്പിക്കുവാൻ സാധിക്കും (നോക്കുക യോഹന്നാൻ 17:8–24).

*ദൈവവചനം ചിലർ ഉപയോഗിക്കുന്നതിൽ പരാജയപ്പെടുമ്പോൾ ദൈവം എന്തു വിചാരിക്കും?* ഗലാത്യർ 1:6–9 പറയുന്നു, "ക്രിസ്തുവിന്റെ കൃപയാൽ നിങ്ങളെ വിളിച്ചവനെ വിട്ടു, നിങ്ങൾ ഇത്ര വേഗത്തിൽ വേറൊരു സുവിശേഷത്തിലേക്കു മറിയുന്നതുകൊണ്ടു ഞാൻ ആശ്ചര്യപ്പെടുന്നു; ... എന്നാൽ ഞങ്ങൾ നിങ്ങളോടു അറിയിച്ചതിനു വിപരീതമായി, ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽ നിന്നു ഒരു ദൂതനാകട്ടെ, നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ. ..."

### നിഷേധഭാഗം (വാ. 20, 21)

ചില അപകടങ്ങൾ തിമൊഥെയൊസ് ഒഴിവാക്കേണ്ടിയിരുന്നു. "വൃഥാലാപങ്ങളിൽ നിന്നും സൂത്രങ്ങളിൽ നിന്നും" അവൻ ഒഴിഞ്ഞു മാറണം അഥവാ അതിനോടു യോജിക്കരുതായിരുന്നു (6:20). സമയം വളരെ വിലയുള്ളതാണ്, സത്യം വളരെ വിശുദ്ധവും, സത്യം മനുഷ്യർക്കു വലുതായ ആവശ്യവുമാകയാൽ ഒരു സുവിശേഷകനും വൃഥാ കാര്യങ്ങളിൽ സമയം പാഴാക്കരുത്!

കൂടാതെ, "ജ്ഞാനം" എന്നു വ്യാജമായി പേർ പറയുന്ന "എതിർക്കുന്ന തർക്കങ്ങളെയും" തിമൊഥെയൊസ് ഒഴിവാക്കണമായിരുന്നു. അന്യോന്യം തർക്കിക്കുന്ന ഉപദേശങ്ങളെ നാം ഒഴിവാക്കണം. ദൈവം കലക്കത്തിന്റെയോ ഭിന്നതയുടെയോ ദൈവം അല്ല (1 കൊരിന്ത്യർ 1:10; 14:33). വ്യാജമായ ജ്ഞാനത്തെയാണ് ദൈവം ഇവിടെ നിഷിദ്ധമാക്കിയിരിക്കുന്നത് – ആളുകൾ ചിലപ്പോൾ ബുദ്ധിയുള്ളവരല്ലാതായി തീരുമ്പോൾ ബുദ്ധിയുള്ളവരായി നടിക്കും (1 തിമൊഥെയൊസ് 1:7; 1 കൊരിന്ത്യർ 1:26–29). ഒരു സുവിശേഷകൻ പത്ഥ്യവചനത്തെ കാത്തു കൊള്ളും (2 തിമൊഥെയൊസ് 1:13, 14), പക്ഷെ അവൻ ജ്ഞാനമുണ്ടെന്നു നടിക്കുന്നവരെ ഒഴിവാക്കും. വചനത്തെ കുറിച്ചു തർക്കിക്കുന്നതു ഒരു പ്രയോജനവും ചെയ്യുകയില്ല; അതു നിഷ്ഫലമത്രേ (1 തിമൊഥെയൊസ് 6:3–5).

ഇവിടെ തിമൊഥെയൊസിനു ശരിയായ ഫല പരിശോധന നടത്തുവാൻ കഴിഞ്ഞു (മത്തായി 7:20), കാരണം ചിലർ ഈ ആശയങ്ങൾ ഉള്ളവരാണെന്നു "നടിക്കുകയായിരുന്നു"[39] (6:21). അവരുടെ സംസാരത്താലും, വാഗ്ദാനത്താലും, ജോലിയാലും, അവർ "ദൂരെ പോയിരുന്നു."[40] അവർ അപകടകരമായി തെറ്റിപ്പോയിരുന്നു, കാരണം അവർ "വിശ്വാസ

ത്തിൽ നിന്നകന്നു പോയിരുന്നു" (നോക്കുക പ്രവൃത്തികൾ 6:7; യൂദാ 3).

*"ഉന്നം തെറ്റുക," അല്ലെങ്കിൽ തെറ്റിപോകുക എന്നതു എന്തൊരു ഗൗരവമായ അവസ്ഥയാണ്!* ദൈവം കല്പിച്ചിട്ടില്ലാത്ത കല്പനകൾ ആളുകളിൽ അടിച്ചേല്പിക്കുകയും ദൈവം കല്പിച്ചിട്ടുള്ള ബാധകമായ നിയമങ്ങൾ പാലിക്കാതിരിക്കയും ചെയ്യുന്നവരെ, ഒരിക്കലും പിൻപറ്റരുത് (നോക്കുക പ്രവൃത്തികൾ 15:1–5; ലൂക്കൊസ് 6:46; മത്തായി 7:21–23). തിമൊഥെയൊസിനോടുള്ള പ്രബോധനത്തിന്റെ അവസാനം, വിശ്വാസത്തിൽ നിന്നകലുന്ന ആളുകളെ കുറിച്ചു, ദുരുപദേഷ്ടാക്കളെ സൂക്ഷിക്കുവാനും സുവിശേഷ സത്യം മുറുകെ പിടിക്കുവാനുമാണ് പ്രോത്സാഹിപ്പിക്കുന്നത് (നോക്കുക 1:3, 4, 6, 7, 19, 20).

അവസാന ആത്മിയ അഭിപ്രായ പ്രകാശനമായി, കരുതലായി പറയുന്നു, "കൃപ നിന്നോടുകൂടെ ഇരിക്കട്ടെ."[41] ദൈവകൃപയാലത്രേ ദൈവത്തിന്റെ നല്ല വേല നമുക്കു ചെയ്യുവാൻ കഴിയുന്നത്.

### ചുരുക്കത്തിൽ

തിമൊഥെയൊസിനുള്ള പൗലൊസിന്റെ ഒന്നാം ലേഖനം *സമയത്തിലും അസമയത്തിലും* ഉള്ളതായിരുന്നു. ഇന്നത്തെ സുവിശേഷകൻ അതിലെ സത്യങ്ങളിൽ ധ്യാനിച്ചു, അതിലെ തത്വങ്ങൾ പകർത്തുകയും, അതിലെ പ്രബോധനങ്ങളാലും കല്പനകളാലും ഉത്സാഹത്തോടെ ശുശ്രൂഷ ചെയ്യണം.

ഈ ലേഖനത്തിലെ ദൈവശ്വാസിയമായ സുവർണ്ണ നൂലുകളായി തെളിയിക്കപ്പെട്ട വ്യക്തിപരവും സംഘടിതവുമായ മാർഗ്ഗ രേഖകൾ സഭ ഇടവകയായും ശരീരത്തിലെ ഓരോ അവയവം വ്യക്തിപരമായും എടുത്തു പ്രയോഗിക്കണം. ജിമ്മിവുഡ് പറഞ്ഞു:

> സീയോന്റെ സംരക്ഷണം ശക്തമാക്കണമെങ്കിൽ, സഭ വളരണമെങ്കിൽ, ആത്മാക്കൾ രക്ഷിക്കപ്പെടണമെങ്കിൽ, നാം പൗലൊസ് തന്റെ സുവിശേഷത്തിലെ പുത്രനു എഴുതിയ ഒന്നാം ലേഖനം ശ്രദ്ധയോടെ പഠിക്കുന്ന വിദ്യാർത്ഥിയാകണം. വിശുദ്ധ ലിഖിതങ്ങളിലെ സ്ഥാനങ്ങൾ ആർക്കു നിഷേധിക്കുവാൻ കഴിയും, നമ്മുടെ ജീവിതത്തിലെ ആവശ്യങ്ങളെ അതിൽ ചോദ്യം ചെയ്യുവാൻ ആർക്കു ധൈര്യമുണ്ട്? ബൈബിൾ പൂർണ്ണമായും ആവശ്യമായിരിക്കുന്നതുപോലെ പ്രിയമുള്ളവരേ ഈ ലേഖനവും ആവശ്യമാണ് ശരീരത്തിന്റെ പൂർണ്ണമായ ആവശ്യങ്ങൾ നിറവേറ്റുവാൻ കൈകളും വേണമെന്നപോലെ നമുക്ക് ആ ലേഖനവും വേണം.[42]

കുറിപ്പുകൾ

[1]പത്ഥ്യ (ഗ്രീക്ക്.: *ഹുജിയായിനോ*) – ആയിരിക്കേണ്ടത് "ആരോഗ്യത്തോടെ, നന്നായിട്ട് ... ശക്തമായിരിക്കുക, ഉപദേശത്തിന്റെ ... തെറ്റു കൂടാതിരിക്കുക, അതായതു. സത്യമായ, ശുദ്ധമായ, മലിനപ്പെടാത്ത" (എഡ്‌വേഡ് റോബിൻസൺ, *ഏ ഗ്രീക്ക് & ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്* [ന്യൂയോർക്ക്: ഹാർപ്പർ & ബ്രദേഴ്സ്, 1863], 627). [2]ദൈവഭക്തി (ഗ്രീക്ക്.: *യുസേബേയിയ*) – "... ഭക്തിയുള്ള, ഭയാദരവുള്ള, ... ദൈവത്തോടുള്ള ബന്ധത്തിൽ; ... ഹൃദയ വികാരം ... സുവിശേഷ വ്യവസ്ഥ" (റോബിൻസൺ, 307). [3]ഗർവ്വുള്ള (ഗ്രീക്ക്.: *ടുഫൂ*, പാസിവ്) – "ഉന്നതഭാവം ഉണ്ടാവുക ... അഹങ്കാരം കൊണ്ടോ ഗർവ്വുകൊണ്ടോ കണ്ണുകാണാതിരിക്കുക, ഡംഭത്താൽ വിഡ്ഢി അല്ലെങ്കിൽ മൂഢനായിത്തീരുക" (സി. ജി. വിൽക്കേ ആന്റ് വിലിബാൾഡ് ഗ്രിം, *ഏ ഗ്രീക്ക് – ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്*, ട്രാൻസ്. ആന്റ് റെവ. ജോസഫ് എച്ച്. തേയർ ധഎഡിൻബറോ, സ്ക്കോട്ട്ലന്റ്: റ്റി. & റ്റി. ക്ലാർക്ക്, 1901; റീപ്രിന്റ് എഡി., ഗ്രാന്റ് [റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1977], 633). [4]വികാരപ്രവണത (ഗ്രീക്ക്.: *നോസോ*) – "രോഗിയാകുക; ... മനസ്സിന്റെ ഏതൊരു രോഗവും ... ഒരു രോഗത്തെ പോലെ എന്തെങ്കിലും കാര്യത്തിൽ തീവ്ര വികാരം പ്രകടിപ്പിക്കുക, വികാരപ്രവണത കാണിക്കുക" (തേയർ, 429). [5]വാക്കുകളെ കുറിച്ചുള്ള തർക്കം (ഗ്രീക്ക്.: *ലോഗോമക്കിയ*) – "... വാക്കുകൾ കൊണ്ടുള്ള യുദ്ധം, അല്ലെങ്കിൽ വൃഥാ കാര്യങ്ങളെ കുറിച്ചുള്ള വാഗ്വാദം" (തേയർ, 380). [6]*വെബ്സ്റ്റേഴ്സ് സ്റ്റുഡൻസ് ഡിക്ഷ്ണറി,* 1945 എഡി., എസ്.വി. "എൻവി." [7]പോരാട്ടം (ഗ്രീക്ക്.: *ഏറിസ്*) – "ഭിന്നിപ്പു, വിയോജിപ്പു ... വഴക്ക്" (വാൾട്ടർ ബാവെർ, ഏ ഗ്രീക്ക് – ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ് ആന്റ് അതർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ, 2ഡി എഡി., റെവ. വില്യം എഫ്. ആംണ്ട് ആന്റ് എഫ്. വിൽബർ ജിംജ്റിച്ച് [ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രെസ്, 1957], 309). [8]മോശമായ ഭാഷ (ഗ്രീക്ക്.: *ബ്ലാസ്ഫെമിയ*) – "... ദൂഷണം ... പരദൂഷണം, ആരോപണം, മറ്റൊരാളുടെ സൽപേരിനെ കളങ്കപ്പെടുത്തുക: ... പ്രത്യേകിച്ചു, ദുഷിച്ചു കൊണ്ട് സർവ്വശക്തനായ ദൈവത്തെ വൃണപ്പെടുത്തുന്ന സംസാരം" (തേയർ, 102–3). [9]ആശങ്ക (ഗ്രീക്ക്.: *ഹുപോനോയിയ*) – "സന്ദേശം" (റോബിൻസൺ, 750); "ഗൂഢമായ ചിന്ത, പ്രവൃത്തികൾ 25:18; 27:27" (മാർവിൻ ആർ. വിൻസെന്റ്, *വേഡ് സ്റ്റഡീസ് ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്*, വാല്യം. 4 [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1957], 274). [10]വില്യം ഹെൻഡ്രിക്സെൻ, *ഏ കമെന്ററി ഓൺ 1 & 2 തിമൊഥി & ടൈറ്റസ്* (ലണ്ടൻ: ദ ബാനർ ഓഫ് ട്രൂത്ത് ട്രസ്റ്റ്, 1964), 197.

[11]ഇബിഡ്., 197. [12]ദുഷിപ്പിക്കുക (ഗ്രീക്ക്.: *ഡയഫ്തേയിറോ*) – "... മോശത്തിനായി മാറുക, മനസ്സിനെ മലിനപ്പെടുത്തുക, നല്ല മാർഗ്ഗത്തെ ... നശിപ്പിക്കുക, കേടു വരുത്തുക ... ഇല്ലാതാക്കുക ... കൊല്ലുക" (തേയർ, 143). [13]വഞ്ചിക്കുക (ഗ്രീക്ക്.: *അപ്പൊസ്റ്റെരെയോ*) – "വഞ്ചിക്കുക, കവരുക, ചതിക്കുക, ..." (തേയർ, 68). [14]വിൻസെന്റ്, 275. [15]ഈ വാക്യങ്ങളെ ചുരുക്കി വില്യം ബാർക്ക്ലേ ഇങ്ങനെ പറയുന്നു, "(i) [ദുരുപദേഷ്ടാക്കന്മാരുടെ] ആദ്യ സ്വഭാവം അഹങ്കാരമാണ്. അവന്റെ ആദ്യ ലക്ഷ്യം സ്വയ – പ്രദർശനമാണ്. ക്രിസ്തുവിനെ കാണിക്കുക എന്നതല്ല, തന്നെ കാണിക്കുക എന്നതാണ് അവന്റെ ഉദ്ദേശം. ക്രിസ്തുവിനു

വേണ്ടിയല്ല തങ്ങൾക്ക് അനുയായികൾ വേണമെന്ന ഉദ്ദേശത്തിൽ പ്രവർത്തിക്കുന്ന ഉപദേഷ്ടാക്കന്മാരും സുവിശേഷകന്മാരും ഇന്നുമുണ്ട്. ആളുകളിലേക്കു ദൈവവചനം എത്തിക്കുക എന്നതിനേക്കാൾ അധികം തങ്ങളുടെ കാഴ്ച്ചപ്പാട് ആളുകളിൽ എത്തിക്കുകയാണ് അവരുടെ ലക്ഷ്യം. ... (ii) അയാളുടെ വിചാരം ഊഹാപോഹങ്ങൾ കൊണ്ട് [കലക്കുകയാണ്]. ജീവിതത്തേക്കാൾ അധികം വാദ ഗതിക്ക് വിചാരപ്പെടുന്ന തരത്തിലുള്ള ക്രിസ്ത്യാനിത്വമുണ്ട്. ... ജെ. എസ്.വെയിൽ തന്റെ പുസ്തകം ആയ *ക്രിസ്റ്റ്യൻ ഡോക്ട്രിൻ* എന്നതിൽ [എഴുതി], '... നില്ക്കുന്ന ഭൂമി വിശുദ്ധമാകയാൽ കാലിലെ ചെരിപ്പു അഴിക്കുന്നതിനു പകരം, നാം യോജിച്ച ദൂതന്മാരിൽ നിന്നു കത്തിക്കൊണ്ടിരുന്ന മുൾപ്പടർപ്പിന്റെ പടം എടുക്കും: ക്രിസ്തുവിന്റെ മുറിവിനു മുന്നിൽ കുമ്പിടുന്നതിനു പകരം, നാം അടുപ്പു തിണ്ണയിൽ നിന്നു യേശുവിന്റെ പ്രായശ്ചിത്ത ബലിയുടെ സിദ്ധാന്തത്തെ കുറിച്ചു വാചാലമായി സംസാരിക്കും.'... (iii) സമാധാനം നശിപ്പിക്കുന്നവനാണ് ദുരുപദേഷ്ടാവു. അവൻ ശാഠ്യവും മത്സരവുമുള്ളവനാണ്; തന്നോടു വിയോജിക്കുന്നവരെ അവൻ സംശയിക്കും; ഒരു വാദത്തിൽ അയാൾക്കു ജയിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ, തന്റെ എതിരാളിയെ പരിഹസിക്കയും അയാളുടെ സംസാരത്തെ അവഹേളിക്കയും, സ്വഭാവത്തെ പോലും ആക്രമിക്കും; ഏതൊരു വാദത്തിലും അയാളുടെ വാക്കുകൾ സ്നേഹത്തോടെ ആയിരിക്കയില്ല കൈപ്പോടുകൂടിയതായിരിക്കും; ചർച്ചയോ സംഭാഷണമോ തർക്കത്തിൽ കലാശിക്കും. ... (iv) ദുരുപദേഷ്ടാവു മതത്തെ വ്യവസായ വൽക്കരിക്കയാണ്. അയാൾ നേട്ടത്തിനുവേണ്ടി നിലകൊള്ളുന്നു. അയാൾ തന്റെ പ്രസംഗവും ഉപദേശവും, ഒരു കടമയായിട്ടല്ല, ജോലിയായിട്ടത്രേ കാണുന്നത്. മറ്റുള്ളവരെ സേവിക്കുന്നതിലല്ല അയാൾ തന്റെ വ്യാപാരം നടത്തുന്നത്, മറിച്ച്, തന്നെ ഉയർത്തി കാണിച്ചുകൊണ്ടായിരിക്കും" (വില്യം ബാർക്ക്ലേയിൽ നിന്ന് കടമെടുത്തിരിക്കുന്നു, *ദ ലെറ്റേഴ്സ് ടു ടിമൊഥി, ടൈറ്റസ് ആന്റ് ഫിലേമോൻ*, ദ ഡെയിലി സ്റ്റഡി ബൈബിൾ സീരീസ്, റെവ. എഡി. [ഫിലദെൽഫിയ: വെസ്റ്റ്മിൻസ്റ്റർ പ്രെസ്, 1960], 146–48). [16]ഇബിഡ്., 149. [17]പരീക്ഷണം (ഗ്രീക്ക്.: *പെയിരാസ്മോസ്*) – "പാപത്തിനിരയാകൽ ... മോഹത്താൽ ഉയരുന്നതോ ബാഹ്യമായ സാഹചര്യത്താലുണ്ടാകുന്നതോ" (തേയർ, 498–99). [18]കെണി (ഗ്രീക്ക്.: *പാജിസ്*) – ഒരു "കുടുക്ക്, കുരുക്ക് ... കുഴപ്പം, നഷ്ടം, നാശം എന്നിവയുണ്ടാക്കുന്നതെന്തും: പെട്ടെന്നുണ്ടാകുന്ന അപ്രതീക്ഷ കുഴപ്പം ... പാപത്തിന്റെ ചതിയാലും വശീകരണത്താലുമുണ്ടാകുന്നതാണ്" (തേയർ, 472). [19]നിമഞ്ജനം (ഗ്രീക്ക്.: *ബുതിസോസിൻ*) – "ആഴത്തിൽ നിമഞ്ജനം ചെയ്യുക; മുങ്ങുക" (തേയർ, 106). ദ പ്രെസന്റ്, ഇന്റികേറ്റിവ്, ആക്ടീവ് സൂചിപ്പിക്കുന്നത് ആ പ്രവൃത്തി ഒരാൾ മുങ്ങി നശിക്കുന്നതുവരെ *തുടർന്നുകൊണ്ടിരിക്കും* എന്നാണ്. [20]നാശം (ഗ്രീക്ക്.: *ഒലെത്രോസ്*) – "... നാശം, മരണം ... ജഡത്തിന്റെ നാശം, ജഡത്തിന്റെ മോഹത്തെ കീഴ്പ്പെടുത്തി നശിപ്പിക്കുന്നതു നിമിത്തമുണ്ടാകുന്ന കുഴപ്പങ്ങളെയും നിത്യമായ പ്രശ്നങ്ങളെയും കുറിച്ചു ... മരണശേഷം നഷ്ടമാകുന്ന അനുഗ്രഹമുള്ള ജീവിതം, ഭാവിയിലെ നിത്യദുഃഖം" (തേയർ, 443).

[21]നാശം (ഗ്രീക്ക്.: *അപ്പോലേയിയ*) – "... പാടേ നശിക്കൽ ... പാഴാക്കൽ ... നശിക്കൽ, ... വേദന എന്ന ആശയവും അടങ്ങിയിട്ടുണ്ട് ... നിത്യജീവൻ നഷ്ടമാകുന്നത്, നിത്യദുഃഖം, ... ദൈവരാജ്യത്തിനു പുറത്തുള്ളവർ" (തേയർ, 70–71). [22]ദുഃഖം (ഗ്രീക്ക്.: *ഒഡുനേ*) – "ദുഃഖത്തിലാണ്ടിരിക്കുന്ന ... വേദന" (തേയർ,

438); "... മാനസിക വേദനയാൽ ... എന്റെ ഹൃദയം തുടർച്ചയായി ദുഃഖിച്ചുകൊണ്ടിരിക്കുന്നു, റോ. 9:2; ... മനസാക്ഷിയുടെ ദുഃഖം ... പല വേദനകൾ" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 557). [23]ഓടുക (ഗ്രീക്ക്.: *ഫെയൂജെ*) – "ഓടി പോകുക, അപ്രത്യക്ഷമാകുക, പെട്ടെന്ന് ... രക്ഷപ്പെടുക ... ഒഴിഞ്ഞു മാറുക, നിഷേധിക്കുക" (റോബിൻസൺ, 759-60). [24]പിന്തുടരുക (ഗ്രീക്ക്.: *ഡയോക്കോ*) – "ഒരു വസ്തുവിനെയോ വ്യക്തിയെയോ പിടിക്കേണ്ടതിന് അതിവേഗത്തിൽ ഓടുക; പുറകെ ഓടുക ... മുൻപോട്ടു ഗമിക്കുന്ന: [ആലങ്കാരികമായി] ലക്ഷ്യത്തിലെത്താൻ ഓട്ടപ്പന്തയത്തിൽ അതിവേഗം ഓടുന്നവൻ" (തേയർ, 153). [25]നീതി (ഗ്രീക്ക്.: *ഡിക്കായിയോസുനേ*) – "... ആയിരിക്കേണ്ട അവസ്ഥയിലാകുക ... ദൈവത്തിനു സ്വീകാര്യമായ അവസ്ഥ ... ആത്മാർത്ഥത, ഗുണം, ജീവിത വിശുദ്ധി ... ശരിയായി ചിന്തിക്കൽ, തോന്നലും പ്രവർത്തിയും" (തേയർ, 149). [26]വിശ്വാസം (ഗ്രീക്ക്.: *പിസ്റ്റിസ്*) – "എന്തിന്റേയും സത്യത്തിലുള്ള തീർച്ച... മനുഷ്യനു ദൈവത്തോടും ദിവ്യമായതിനോടുമുള്ള ബന്ധത്തെ ബഹുമാനിക്കുന്ന വിശ്വാസം അല്ലെങ്കിൽ നിശ്ചയം, പൊതുവിൽ വിശ്വാസത്തിൽ നിന്നും അതോടൊപ്പവും ജനിക്കുന്ന ആശ്രയത്തിന്റെയും വിശുദ്ധിയുടെയും ആശയം ഉൾപ്പെടുന്നത്" (തേയർ, 512). [27]സ്നേഹം (ഗ്രീക്ക്.: *അഗാപെ*) – "... അടുപ്പം, നല്ല മനസ്സ്, ... ധർമ്മോപകാരം ... മനുഷ്യർക്കു മനുഷ്യരോടുള്ള സ്നേഹം; [പ്രത്യേകിച്ചു] മതത്താലുള്ള പ്രചോദനത്തോടെയും ആധികാരികതയോടെയും ക്രിസ്ത്യാനികൾക്കു ക്രിസ്ത്യാനികളോടുള്ള സ്നേഹം, സ്നേഹം ആത്മാവിൽ പ്രകടമായാലും ഇല്ലെങ്കിലും ... മനുഷ്യർക്കു ദൈവത്തോടുള്ള സ്നേഹം ... ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹം ... ദൈവത്തിനു ക്രിസ്തുവിനോടുള്ള സ്നേഹം ... ക്രിസ്തുവിനു മനുഷ്യരോടുള്ള സ്നേഹം" (തേയർ, 4). [28]സ്ഥിരോത്സാഹം (ഗ്രീക്ക്.: *ഹുപോമോനേ*) – "സ്ഥിരമായി പ്രയത്നിക്കുന്നതിന്റെയും, സ്ഥിരതയുടെയും, സഹിഷ്ണുതയുടെയും ഗുണം ... ഏറ്റവും വലിയ പരീക്ഷണത്തിലും കഷ്ടതയിലും പോലും തന്റെ വിശ്വാസത്തോടും മതഭക്തിയോടുമുള്ള ഉദ്ദേശത്തിലും ആത്മാർത്ഥതയിലും മുറുകെ പിടിക്കുന്ന സ്വഭാവം" (തേയർ, 644). [29]പോരാട്ടം (ഗ്രീക്ക്.: *അഗോണിസോമായി*) – "മത്സരത്തിൽ പ്രവേശിക്കുക ... പ്രതിയോഗികളുമായി മത്സരിക്കുക, ... സുവിശേഷത്തിനെ [ഭീഷണിപ്പെടുത്തുന്നതായ] അപകടങ്ങളിലും ബുദ്ധിമുട്ടുകളിലും വിഷമിക്കുക ... എരിവോടെ പ്രയത്നിക്കുക, ബുദ്ധിമുട്ടുക, എന്തെങ്കിലും നേടുവാൻ പോരാടുക" (തേയർ, 10). [30]നിരപവാദ്യൻ (ഗ്രീക്ക്.: *അനെപിലെപ്റ്റോസ്*) – "പിടികൊടുക്കാത്തവൻ; ... വഴി കൊടുക്കാത്തവൻ [കുറ്റപ്പെടുത്തുവാൻ, വിമർശിക്കുവാൻ]" (തേയർ, 44).

[31]സാക്ഷ്യപ്പെടുത്തുക (ഗ്രീക്ക്.: *മാർട്ടുരേയോ*) – "കണ്ടു എന്നു അല്ലെങ്കിൽ കേട്ടു അല്ലെങ്കിൽ അനുഭവിച്ചു എന്നു തിട്ടപ്പെടുത്തുക ... സാക്ഷ്യത്താൽ തെളിയുക അല്ലെങ്കിൽ ഉറപ്പിക്കുക ..." (തേയർ, 390-91). [32]അഹംഭാവം (ഗ്രീക്ക്.: *ഹുപ്സെലോഫ്രൊനെയിൻ*) – "നിഗളിക്കുക, ഡംഭുള്ള, ധിക്കാരം" (റോബിൻസൺ, 754). [33]ആൽബർട്ട് എം. വെൽസ്, *ഇൻസ്പയറിങ്ങ് ക്വട്ടേഷൻസ്* (നാഷ്വില്ലേ: തോമസ് നെൽസൺ പബ്ലിഷേഴ്സ്, 1988), 135. [34]നല്ല (ഗ്രീക്ക്.: *അഗത്തോയെർജെയിൻ*) – *അഗത്തോസ്* എന്ന മൂലവാക്കിൽ നിന്നുമാണ്, അർത്ഥം "നന്മയും പ്രമുഖ യോഗ്യതകളും തിരിച്ചറിഞ്ഞ, സ്വഭാവം ... സൽപ്രവൃത്തികൾ, നന്നായി ചെയ്യുക, ഉപയോഗമുള്ള, ഉപകാരപ്രദമായ, പ്രയോജനപ്രദമായ ... ഗുണങ്ങൾ, അനുഗ്രഹങ്ങൾ ..." (റോബിൻസൺ, 3). [35]സൽപ്രവൃ

ത്തികളിൽ സമ്പന്നൻ (ഗ്രീക്ക്.: *പ്ലൗറ്റെയോ*) – "കർത്താവിനെ പോലെ ആകുക, എല്ലാവരോടും ധനികനായിരുന്ന (ഉദാരമായ), അതായത്., തന്റെ ധനം എല്ലാവർക്കും ഉദാരമായി കൊടുക്കുക" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 679). [36]പങ്കിടുവാൻ തയ്യാറാകുക (ഗ്രീക്ക്.: *കൊയിനോണിക്കോസ്*) – "സാമൂഹ്യമാകുക, സാമൂഹ്യപരമായ, രൂപപ്പെടുവാൻ തയ്യാറാകുകയും കൂട്ടായ്മയും സഹവർത്തിത്വവും പുലർത്തുക ... സമ്പാദ്യങ്ങൾ മറ്റുള്ളവർക്കായി പങ്കിടുവാൻ തയ്യാറാകുക, നല്കുവാൻ മനസ്സുവെക്കുക, സ്വതന്ത്രമായി നൽകൽ, ഉദാരമായി നല്കുക" (തേയർ, 352). [37]സൂക്ഷിക്കുക (ഗ്രീക്ക്.: *ഫുലാസോ*) – "സൂക്ഷിക്കുക ... സംരക്ഷിക്കുക ... കവർന്നു കളയാതിരിപ്പാൻ കാത്തുകൊൾക, 1 തിമൊ. 6:20; 2 തിമൊ. 1:14 ... നഷ്ടപ്പെടാതെ അല്ലെങ്കിൽ നശിച്ചു പോകാതെ നോക്കുക" (തേയർ, 659–60). [38]നിന്നിൽ ഭരമേല്പിച്ചിരിക്കുന്നത് (ഗ്രീക്ക്.: *പാരാതേക്കേ*) – "ഒരു നിക്ഷേപം, ഒരു നിധി അല്ലെങ്കിൽ ഒരു വസ്തു ഒരാളുടെ വിശ്വസ്തതയിൽ സൂക്ഷിക്കുക ... സുവിശേഷോപദേശത്തിന്റെ ജ്ഞാനത്തിലും വിശുദ്ധിയിലും ശരിയായി ഉപയോഗിക്കുക, ഉറപ്പോടും വിശ്വസ്തതയോടും സൂക്ഷിക്കുകയും, സുബോധത്തോടെ മറ്റുള്ളവരിലേക്കു എത്തിക്കുകയും ചെയ്യുക" (തേയർ, 482). [39]പ്രസ്താവിക്ക (ഗ്രീക്ക്.: *എപാജെലോമെനോയി*) – മധ്യശബ്ദത്തിന്റെ അർത്ഥം അവരുടേതായ ഇഛ എന്നാണ്. വാക്കിന്റെ അർത്ഥം "... പറയുക ... വാഗ്ദാനം ചെയ്യുക ... ഒരാൾ ചെയ്യുവാനുദ്ദേശിക്കുന്നതു പറയുക അല്ലെങ്കിൽ എന്തെങ്കിലും ഒരുക്കുക ... പ്രസ്താവിക്കുക" (തേയർ, 227). [40]അകന്നുപോകുക (ഗ്രീക്ക്.: *അസ്റ്റോകെയോ*) – "ഉന്നം തെറ്റുക ... തെറ്റി പോകുക, അകലുക" (റോബിൻസൺ, 103).

[41]ഈ ലേഖനം തീർച്ചയായും സംബോധന ചെയ്തിരിക്കുന്നതു ഏക വ്യക്തിയായ, തിമൊഥെയൊസിനെയാണെങ്കിലും, അവസാനിപ്പിക്കുന്ന "നീ" എന്നത് (ഗ്രീക്ക്.: *ഹുമോൺ*) ബഹുവചന സംബന്ധികാവിഭക്തിയായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. തിമൊഥെയൊസിനു അതു മനസ്സിലായി: "മകനേ, *ഞാൻ നിനക്കു എഴുതുന്നതു പലരോടും ആയി പങ്കു വെക്കുക.*" *സ്ത്രീ പുരുഷന്മാർ* എങ്ങനെ പെരുമാറണമെന്നു അവരെ അറിയിക്കുവാൻ പൗലൊസ് ആഗ്രഹിക്കുന്നു (2:8–3:15), അവർ പിതാവിന്റെ ഇഷ്ടം ചെയ്യുവാൻ പോകുമ്പോൾ അവർക്ക് എല്ലാവർക്കും ദൈവകൃപ ലഭിക്കുവാനും അവൻ ആഗ്രഹിക്കുന്നു! [42]ജിമ്മിവുഡ്, "ഫസ്റ്റ്തിമൊഥി," *മെസേജസ് ഓഫ് ദ ബുക്ക്സ് ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്* (ഫോർട്ട് വർത്ത്, ടെക്സസ്.: ഫോർട്ട്വർത്ത് ക്രിസ്റ്റ്യൻ കോളേജ്, 1962), 227.